بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 10

ലക്കം 13

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 മാർച്ച് 27/ഹി.ശം 1404 അമാൻ 27/ഹി:ഖ 1446 റമളാൻ 26


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُتِبَ عَلَيۡكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيۡنَ مِنۡ قَبۡلِكُمۡ لَعَلَّكُمۡ تَتَّقُوۡنَ ۝

(سورة البقرة:184)

വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാനുത്തരം നല്കും; അവനെന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.**

## അല്ലാഹുവിന്റെ വചനം

وَاِذَا سَاَلَكَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّہُمۡ یَرۡشُدُوۡنَ ۝۱۸۷ اُحِلَّ لَکُمۡ لَیۡلَۃَ الصِّیَامِ الرَّفَثُ اِلٰی نِسَآئِکُمۡ ؕ ہُنَّ لِبَاسٌ لَّکُمۡ وَاَنۡتُمۡ لِبَاسٌ لَّہُنَّ ؕ عَلِمَ اللّٰہُ اَنَّکُمۡ کُنۡتُمۡ تَخۡتَانُوۡنَ اَنۡفُسَکُمۡ فَتَابَ عَلَیۡکُمۡ وَعَفَا عَنۡکُمۡ ۚ فَالۡـٰٔنَ بَاشِرُوۡہُنَّ وَابۡتَغُوۡا مَا کَتَبَ اللّٰہُ لَکُمۡ ۪ وَکُلُوۡا وَاشۡرَبُوۡا حَتّٰی یَتَبَیَّنَ لَکُمُ الۡخَیۡطُ الۡاَبۡیَضُ مِنَ الۡخَیۡطِ الۡاَسۡوَدِ مِنَ الۡفَجۡرِ ۪ ثُمَّ اَتِمُّوا الصِّیَامَ اِلَی الَّیۡلِ ۚ وَلَا تُبَاشِرُوۡہُنَّ وَاَنۡتُمۡ عٰکِفُوۡنَ ۙ فِی الۡمَسٰجِدِ ؕ تِلۡکَ حُدُوۡدُ اللّٰہِ فَلَا تَقۡرَبُوۡہَا ؕ کَذٰلِکَ یُبَیِّنُ اللّٰہُ اٰیٰتِہٖ لِلنَّاسِ لَعَلَّہُمۡ یَتَّقُوۡنَ ۝۱۸۸

"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം(പറയുക), നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാനുത്തരം നല്കും;അവനെന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ;അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. വ്രതരാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്ക് ഒരു വസ്ത്രമാണ്;നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരങ്ങളോടു അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ, അവൻ നിങ്ങളുടെനേരെ കനിവുകാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു. തന്മൂലം ഇനി മേലിൽ നിങ്ങൾ അവരുമായി സംസർഗം പുലർത്തുകയും അല്ലാഹു നിങ്ങൾക്ക് വിധിച്ചത് നിങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊള്ളുക. പ്രഭാതത്തിന്റെ വെള്ള നൂൽ(രാവിന്റെ)കറുപ്പുനൂലിൽനിന്ന് വേർതിരിഞ്ഞ് നിങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. പിന്നീട് രാത്രിയാകുന്നതുവരെ നിങ്ങൾ വ്രതം പൂർത്തിയാക്കുക. (എന്നാൽ) മസ്ജിദുകളിൽ ഭജനമിരിക്കുന്നവരായിരിക്കെ നിങ്ങൾ അവരുമായി(ഭാര്യമാരുമായി)സംസർഗം പുലർത്തരുത്. ഇവ അല്ലാഹുവിന്റെ നിയമപരിധികളാകുന്നു. അതിനാൽ നിങ്ങൾ അവയെ സമീപിക്കരുത്. ഇപ്രകാരം അല്ലാഹു മനുഷ്യർക്ക് അവന്റെ വിധികളെ വിവരിച്ചുകൊടുക്കുന്നു. അവർ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.

## നോമ്പ് പരിചയാകുന്നു-തിരുനബി വചനം

عَنۡ اَبِیۡ هُرَیۡرَةَ رَضِیَ اللّٰهُ عَنۡهُ قَالَ : قَالَ رَسُوۡلُ اللّٰهِ صَلَّی اللّٰهُ عَلَیۡهِ وَسَلَّمَ : قَالَ اللّٰهُ عَزَّ وَجَلَّ : کُلُّ عَمَلِ بۡنِ اٰدَمَ لَهٗ اِلَّا الصِّیَامَ فَاِنَّهٗ لِیۡ وَاَنَا اَجۡزِیۡ بِهٖ ۔ وَالصِّیَامُ جُنَّةٌ فَاِذَا کَانَ یَوۡمُ صَوۡمِ اَحَدِکُمۡ فَلَا یَرۡفُثۡ وَلَا یَصۡخَبۡ فَاِنۡ سَابَّهٗ اَحَدٌ اَوۡ قَاتَلَهٗ فَلۡیَقُلۡ : اِنِّیۡ صَآئِمٌ ۔ وَالَّذِیۡ نَفۡسُ مُحَمَّدٍ بِیَدِهٖ لَخُلُوۡفُ فَمِ الصَّآئِمِ اَطۡیَبُ عِنۡدَ اللّٰهِ مِنۡ رِیۡحِ الۡمِسۡكِ ۔ لِلصَّآئِمِ فَرۡحَتَانِ یَفۡرَحُهُمَا ، اِذَا اَفۡطَرَ فَرِحَ ، وَاِذَا لَقِیَ رَبَّهٗ فَرِحَ بِصَوۡمِهٖ ۔

(بخاری کتاب الصوم باب هَلۡ یَقُوۡلُ اِنِّیۡ صَائِمٌ اِذَا شُتِمَ)

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്, നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമങ്ങളും അവനുതന്നെയുള്ളതാണ്; നോമ്പ് എനിക്കും. ഞാനാണ് അതിന് പ്രതിഫലം നല്കുക. തെറ്റുകൾ തടുക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നിങ്ങളിലാർക്കെങ്കിലും നോമ്പു ദിവസമായാൽ തെറ്റു ചെയ്യാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും ചെയ്യട്ടെ. ഇനി വല്ലവനും അവനെ വഴക്കുപറയുകയോ അവനോടു ശണ്ഠ കൂടുകയോ ചെയ്യുന്ന പക്ഷം ഞാൻ നോമ്പുകാരനാണെന്ന്(രണ്ടുപ്രാവശ്യം) അവൻ പറയട്ടെ. മുഹമ്മദിന്റെ(സ) ആത്മാവ് നിയന്ത്രിക്കുന്നവനെക്കൊണ്ടു സത്യം!നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിങ്കൽ കസ്തൂരിയെക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പു മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനുമായി കൂടിക്കാഴ്ച നടത്തുമ്പോഴും.

**മനസ്സിനെ പ്രകാശിപ്പിക്കുന്നതിന്ഉത്തമമായ മാസമാണിത്. ധാരാളമായി ഇതിൽ കശ്ഫുകളുണ്ടാകുന്നു. നമസ്കാരം മനസ്സിനെ സംസ്കരിച്ചെടുക്കുകയും നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.**

"മഗ്രിബ് നമസ്കാരത്തിന് കുറച്ചു മിനിറ്റുമുമ്പേ റമളാൻ മാസത്തിന്റെ ചന്ദ്രൻ കാണപ്പെട്ടു. ഹുദൂർ അലയ്ഹിസ്സ്വലാത്തുവസ്സലാം മഗ്രിബ് നമസ്കാരം കഴിഞ്ഞ് ചന്ദ്രനെ കാണുന്നതിന് മസ്ജിദിന്റെ മേൽത്തട്ടിൽപോയി. ചന്ദ്രനെകണ്ട് പിന്നീട് മസ്ജിദിൽ വന്നു. പറഞ്ഞു, കഴിഞ്ഞ വർഷത്തെ റമളാൻ ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

**ശഹ്റുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആനു** എന്നതിൽനിന്ന് റമളാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. സ്വൂഫിയാക്കൾ എഴുതിയിരിക്കുന്നു, മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിത്. ധാരാളമായി ഇതിൽ കശ്ഫുകളുണ്ടാകുന്നു. നമസ്കാരം മനസ്സിനെ സംസ്കരിച്ചെടുക്കുകയും നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. മനസ്സിന്റെ സംസ്കരണം കൊണ്ടുള്ള ഉദ്ദേശ്യം ദോഷപ്രവണമായ ആത്മാവിന്റെ കാമവാസനകളിൽനിന്ന് അകൽച്ച ലഭിക്കുക എന്നതാണ്. മനസ്സിന്റെ പ്രകാശംകൊണ്ടുള്ള ഉദ്ദേശ്യം കശ്ഫിന്റെ(ജാഗ്രദർശനങ്ങളുടെ) കവാടം അവനിൽ തുറക്കുകയും അല്ലാഹവിനെ കാണുകയും ചെയ്യുക എന്നതാണ്. അതിനാൽ ഉൻസില ഫീഹിൽ ഖുർആൻകൊണ്ടുള്ള സൂചന ഇതാണ്. നോമ്പിന്റെ പ്രതിഫലം മഹത്തായതാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും മനുഷ്യനെ ഈ അനുഗ്രഹത്തിൽനിന്ന് തടഞ്ഞുവെക്കുന്നു. എനിക്കോർമയുണ്ട്, യുവത്വത്തിന്റെ ദിനങ്ങളിൽ ഞാനൊരിക്കൽ സ്വപ്നത്തിൽ കണ്ടു, നോമ്പു പിടിക്കുക എന്നത് അഹ്ലെ ബയ്ത്തിന്റെ സുന്നത്താണ്. എനിക്കനുകൂലമായി അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: സൽമാനുമിന്നാ അഹ്ലൽബയ്ത്തി സൽമാൻ അതായത് അസ്സ്വുൽഹാൻ ആ വ്യക്തിയുടെ കൈയാൽ രണ്ടു ഉടമ്പടിയുണ്ടായിരിക്കും. ഒന്ന് ആന്തരികമായത്. രണ്ട് ബാഹ്യമായത്. ഇദ്ദേഹം തന്റെ പ്രവൃത്തി

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

“ഒരു ദിവസം നബിﷺതിരുമേനിയോട് അല്ലാഹു പറഞ്ഞു: ഈ പട്ടണത്തിന്റെ വിജയം അലിയുടെ കൈകളാൽ വിധിക്കപ്പെട്ടിരിക്കുന്നു. രാവിലെയായപ്പോൾ നബിﷺതിരുമേനി വിളംബരപ്പെടുത്തി: ഇന്ന് ഞാൻ ഇസ്‌ലാമിന്റെ ശ്യാമള പതാക അല്ലാഹുവും അവന്റെ റസൂലും മുസ്‌ലിമീങ്ങളും സ്നേഹിക്കുന്ന ആളുടെ കൈകളിൽ നൽകുന്നതാണ്. അല്ലാഹു ഈ കോട്ടയുടെ വിജയം അദ്ദേഹത്തിന്റെ കൈകളിലാണ് വിധിച്ചിട്ടുള്ളത്. അതിനുശേഷം രണ്ടാമത്തെ പ്രഭാതത്തിൽ നബിﷺതിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു, പതാക അദ്ദേഹത്തെ ഏൽപ്പിച്ചു.... യഹൂദികൾ കോട്ടയ്ക്കുള്ളിൽ ആയിരുന്നുവെങ്കിലും അല്ലാഹു ഹദ്റത്ത് അലിക്കും മറ്റു സ്വഹാബാക്കൾക്കും ആ ദിവസം വളരെ ശക്തി നൽകുകയും വൈകുന്നേരം ആകുന്നതിനുമുമ്പേ വിജയം നൽകുകയും ചെയ്തു.’
(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ)

‘ശത്രുക്കളുമായി ഏറ്റുമുട്ടാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോടു എപ്പോഴും സൗഖ്യം തേടിക്കൊണ്ടിരിക്കുക. നിങ്ങൾ ഏതു പ്രയാസത്തിലാണ് അകപ്പെടുകയെന്ന് നിങ്ങൾക്കറിയില്ല. നിങ്ങൾ ശത്രുക്കളുടെ മുന്നിൽ എത്തിപ്പെടുകയാണെങ്കിൽ ഇങ്ങനെ പ്രാർഥിക്കുക:

“അല്ലാഹുമ്മ അൻത റബ്ബുനാ വ റബ്ബുഹും വ നവാസ്വീനാ വ നവാസ്വീഹും
ബി യദിക്ക വ ഇന്നമാ തഖ്ത്തുലുഹും അൻത.”

അല്ലാഹുവേ! നീ ഞങ്ങളുടെയും അവരുടെയും നാഥനാകുന്നു. അവരുടെയും ഞങ്ങളുടെയും നെറ്റിത്തടങ്ങൾ നിന്റെ കൈകളിലാകുന്നു. നീ തന്നെയായിരിക്കും അവരെ വധിക്കുന്നത്!
(ഖയ്ബർ യുദ്ധാവസരത്തിൽ നബിﷺതിരുമേനിയുടെ പ്രസംഗം)

### ഖയ്ബർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്ര വിവരണം

ഫലസ്തീനികൾക്കുവേണ്ടി പ്രത്യേകിച്ചും മുസ്‌ലിം ലോകത്തിനുവേണ്ടി പൊതുവെ പാക്കിസ്താനിലേയും ബംഗ്ലാദേശിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം.

അറബ് രാജ്യങ്ങൾ ഇനിയെങ്കിലും തങ്ങളുടെ കണ്ണുകൾ തുറക്കുക. ഐക്യം സ്ഥാപിക്കാൻ ശ്രമിക്കുക. ഇതുകൂടാതെ ഒന്നും നടക്കുകയില്ല. ഇല്ലെങ്കിൽ ഫലസ്തീൻ മാത്രമല്ല മറ്റു അറേബ്യൻ രാജ്യങ്ങളും കഠിനതരമായ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.

**ഖുത്ബ ജുമുഅ 2025 ഫെബ്രുവരി 7, 1404 തബ്‌ലീഗ് 7, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഖയ്ബർ യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞുവന്നിരുന്നത്. നബിﷺതിരുമേനി ഖയ്ബറിലേക്ക് പുറപ്പെടുന്നത് സംബന്ധിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്: “നബിﷺതിരുമേനിയുടെ നേതൃത്വത്തിൽ ജീവത്യാഗ സന്നദ്ധരായ 1600 പേരടങ്ങുന്ന സൈന്യം മദീനയിൽനിന്ന് പുറപ്പെട്ടു. അതിൽ 200 കുതിരപ്പടയാളികളുണ്ടായിരുന്നു. പക്ഷേ, പുറപ്പെടുന്നതിനുമുമ്പേ നബിﷺതിരുമേനി വിവരങ്ങളെത്തിച്ചു തരാൻ പറ്റിയ ഒരു സംഘത്തെ അയച്ചു. അവരുടെ ഉത്തരവാദിത്വം സൈന്യത്തിനുമുമ്പേപോയി വഴികൾ മനസ്സിലാക്കുകയും കാര്യങ്ങളെ സംബന്ധിച്ച് അറിയിപ്പു നൽകുകയുമായിരുന്നു. ഈ സംഘത്തിന്റെ നേതൃത്വം അബ്ബാദ് ബിൻ ബിശ്ർ അൻസ്വാരിക്കായിരുന്നു. ഖയ്ബറിന്റെ വഴികളിലുള്ള വിവരങ്ങൾ അറിയുന്നതിനുവേണ്ടി രണ്ട് വഴികാട്ടികളെയും 20 സ്വാഅ് ഈത്തപ്പഴം പ്രതിഫലമായി നിശ്ചയിച്ചുകൊണ്ട് നിയോഗിച്ചിരുന്നു. 20 സ്വാഅ് എന്നതിന്റെ ഉദ്ദേശ്യം അൻപതു കിലോ എന്നാണ്. ഈ രണ്ടാളുകളുടെ പേര് ഹസീൽ ബിൻ ഖാരിജ അശ്ജയീ എന്നും അബ്ദുല്ലാഹ് ബിൻ നുഅയിം എന്നുമാണ് പറയപ്പെടുന്നത്. രണ്ടുപേരും അശ്ജയീ ഗോത്രത്തിൽ പെട്ടവരായിരുന്നു.

മദീനയിൽനിന്ന് ഖയ്ബറിലേക്ക് പോകുമ്പോൾ വിവിധ സ്ഥലങ്ങളിൽ താവളമടിച്ചുകൊണ്ട് സ്വഹ്ബാഅ് എന്ന സ്ഥലത്താണ് അവർ താമസിച്ചത്. ഇവിടെ നമസ്കാരത്തിന്റെ സമയമായപ്പോൾ നമസ്കാരവുമനുഷ്ഠിച്ചു. ബുഖാരിയിലുള്ള നിവേദനത്തിൽ പറയുന്നു: സ്വഹ്ബാഇൽ നബിﷺതിരുമേനി അസ്ർ നമസ്കാരമാണ് അനുഷ്ഠിച്ചത്. പിന്നീട് നബിﷺതിരുമേനി ഭക്ഷണത്തിനുവേണ്ടി എന്തെങ്കിലും കൊണ്ടുവരാൻ പറഞ്ഞു. സൈന്യത്തിന്റെ പക്കൽ സത്തു (പൂരപ്പൊടി) മാത്രമേ ഉണ്ടായിരുന്നുള്ളൂ. നബിﷺതിരുമേനിയും സ്വഹാബാക്കളും അത് കഴിച്ചു. നിവേദകൻ പറയുന്നു: പിന്നീട് മഗ്‌രിബ് നമസ്കാരത്തിന് തയ്യാറായി. നബിﷺതിരുമേനി വായ കഴുകി. ഞങ്ങളും വായ കഴുകി. തുടർന്ന് നബിﷺതിരുമേനി നമസ്കരിച്ചു. വീണ്ടും വുളു ചെയ്തില്ല. സ്വഹ്ബാഇനും മദീനക്കുമിടയിൽ 12 മൈൽ ദൂരമുണ്ടായിരുന്നു.

യാത്രയ്ക്കിടയിൽ ചില സംഭവങ്ങളും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ഇത്തരം യുദ്ധസാഹചര്യങ്ങളിലും നബിﷺതിരുമേനി സ്വഹാബാക്കളുടെ ശിക്ഷണത്തിന് എത്രമാത്രം ശ്രദ്ധാലുവായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അച്ചടക്കം, അനുസരണം തുടങ്ങിയ ഗുണങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിൽ പ്രത്യേകമായി ശ്രദ്ധ ചെലുത്തിയിരുന്നു.

ഇതേപോലെ ഒരു സംഭവം വിവരിക്കപ്പെടുന്നുണ്ട്: ഒരു രാത്രി സൈന്യത്തിന്റെ മുമ്പിൽ എന്തോ തിളങ്ങുന്ന വസ്തു കാണപ്പെട്ടു. അന്വേഷിച്ചപ്പോൾ ഇസ്‌ലാമിക സൈന്യത്തിലെ ഒരു സൈനികൻ മുസ്‌ലിം സൈന്യത്തെ പിന്നിലാക്കി വളരെ മുന്നോട്ടു നീങ്ങുന്നതാണെന്നു മനസ്സിലായി. അദ്ദേഹത്തിന്റെ പടത്തൊപ്പി വെള്ളികൊണ്ടുള്ളതായിരുന്നു. അത് കാരണമാണ് അത് തിളങ്ങിയിരുന്നത്. അദ്ദേഹത്തിന്റെ പേര് അബൂഅബ്സ്ؓ എന്നായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: ‘അദ്ദേഹത്തെ എന്റെയടുക്കൽ കൊണ്ടുവരിക.’ ഹദ്റത്ത് അബൂഅബ്സ്ؓ നിവേദനം: ‘ഞാൻ അതു കേട്ടപ്പോൾ വളരെ ഭയപ്പെട്ടു. എന്നെ സംബന്ധിച്ച് എന്റെ തെറ്റു കാരണം എന്തെങ്കിലും കൽപ്പന ഇറങ്ങിയിട്ടുണ്ടാകുമെന്ന് ഞാൻ ശങ്കിച്ചു. അദ്ദേഹം ഭയന്ന് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. നബിﷺതിരുമേനി ചോദിച്ചു: ‘എന്തുകൊണ്ടാണ് സൈന്യത്തെ ഒഴിവാക്കി മുന്നിൽ ഓടിക്കൊണ്ടിരിക്കുന്നത്?’ ഞാനെന്റെ ഒഴികഴിവുകൾ നിരത്തി. നബിﷺതിരുമേനി ഉപദേശമെന്ന നിലയിൽ പറഞ്ഞു: ‘സൈന്യത്തിന്റെ ഒപ്പം നീങ്ങേണ്ടതാണ്.’ അതിനുശേഷം നബിﷺതിരുമേനി അദ്ദേഹത്തോടു സംസാരിച്ചു തുടങ്ങി. ഇദ്ദേഹം ഒരു പാഥേയവും തന്റെ പക്കലില്ലാത്ത നിർധനനായ സ്വഹാബിയായിരുന്നു. ഇദ്ദേഹം നബിﷺതിരുമേ

നിയുടെ സവിധത്തിൽ ഹാജരായി പറഞ്ഞു: "യാ റസൂലല്ലാഹ്! എന്റെ പക്കൽ ഒരു പാഥേയവുമില്ല. മാത്രമല്ല വീട്ടിലുള്ളവർക്കുള്ള അന്നപാനീയങ്ങളും എന്റെ കൈയിലില്ല." അപ്പോൾ നബിﷺതിരുമേനി ഒരു പുതപ്പ് അയാൾക്ക് നൽകി. ബുദ്ധിമാനായ ആ സ്വഹാബി പുതപ്പും എടുത്ത് ചന്തയിൽ പോയി അത് നബിﷺതിരുമേനി തന്നതാണെന്ന് പറഞ്ഞ് 8 ദിർഹമിന് വിറ്റു. രണ്ട് ദിർഹമിന് വീട്ടിൽ വേണ്ടുന്ന ഭക്ഷണങ്ങളും ചെലവിനുള്ള സാധനങ്ങളും വാങ്ങി. രണ്ട് ദിർഹമിന് തന്റെ വഴിയാത്രയ്ക്കുള്ള ഭക്ഷണവും കരുതി. ബാക്കി നാലു ദിർഹമിന് തനിക്കൊരു പുതപ്പും വാങ്ങി സൈന്യത്തിൽ ഭാഗഭാക്കായി. സംസാരിക്കുന്നതിനിടയിൽ നബിﷺതിരുമേനി അദ്ദേഹത്തോടു ചോദിച്ചു: "ഞാൻ നിനക്ക് നൽകിയ പുതപ്പ് എവിടെ?" അദ്ദേഹം പറഞ്ഞു: "അത് ഞാൻ വിറ്റു." തുടർന്ന് ഇപ്പോൾ ഈ വിവരിച്ച എല്ലാ കാര്യങ്ങളും അദ്ദേഹം പറയുകയും ചെയ്തു. ഈ വർത്തമാനങ്ങൾ കേട്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് നബിﷺതിരുമേനിപറഞ്ഞു:

'അബൂ അബ്സേ! താങ്കൾ വളരെ പ്രയാസത്തിൽ കഴിയുന്ന ആളാണ്, എന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണെ സത്യം! താങ്കൾ ജീവിച്ചിരിക്കുകയും ദീർഘായുസ്സ് ലഭിക്കുകയും ചെയ്യുകയാണെങ്കിൽ വളരെ കുറഞ്ഞ കാലത്തിനകംതന്നെ താങ്കളുടെ പാഥേയത്തിൽ ഒരുപാട് വർധന ഉണ്ടാകുന്നതായി താങ്കൾക്ക് കാണാം, താങ്കളുടെ കുടുംബത്തിന്റെ ചെലവിനുള്ള കാര്യങ്ങളും താങ്കൾക്ക് ഒരുപാട് നൽകപ്പെടുന്നതാണ്, താങ്കളുടെ പക്കൽ ദിർഹമും ദീനാറും ഒരുപാടുണ്ടാകുന്നതായിരിക്കും. താങ്കൾക്ക് ഒരുപാട് ഭൃത്യന്മാരും നൽകപ്പെടും. പക്ഷേ, ഇതൊന്നും താങ്കൾക്ക് കൂടുതൽ നല്ലതല്ല. ഹദ്റത്ത് അബൂ അബ്സ്ؓ, നബിﷺതിരുമേനിയുടെ ഈ പ്രവചനം തന്റെ കണ്ണുകൾ കൊണ്ടുപൂർത്തിയായതായി കണ്ടു. അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു: 'അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി പറഞ്ഞതെല്ലാം അതേപടി പുലർന്നു.'

അബൂ അബ്സിനെ പറ്റിയുള്ള വിവരണത്തിൽ പറയുന്നു: ഇദ്ദേഹത്തിന്റെ പേര് അബ്ദുൽ ഉസ്സ എന്നായിരുന്നു. നബിﷺതിരുമേനി പേരുമാറ്റി അബ്ദുർറഹ്മാൻ എന്ന് വെച്ചതാണ്. അദ്ദേഹം 70 വയസ്സുവരെ ജീവിച്ചിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തു കാലത്ത് വഫാത്തായി. ഹദ്റത്ത് ഉഥ്മാൻ ؓഅദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീയ് ഖബ്ർസ്ഥാനിൽ മറവടക്കുകയും ചെയ്തു. നബിﷺതിരുമേനി ബനുഗത്ഫാനിലേക്ക് സന്ധി സന്ദേശവും അയച്ചിരുന്നു.

ഇപ്പോൾ വിവരിച്ചതുപോലെ ഖയ്ബറിലേക്ക് സൈനികനീക്കം നടത്തിക്കൊണ്ടിരിക്കുമ്പോൾ സ്വഹബാഅ് എന്ന സ്ഥലത്ത് തമ്പടിച്ചു. അസ്ർ, മഗ്‌രിബ്, ഇശാ നമസ്കാരങ്ങൾ അവിടെത്തന്നെ നമസ്കരിച്ചു. ഈ സ്ഥലം ഖയ്ബറിൽനിന്ന് 12 മൈൽ ദൂരെയാണ്. നമസ്കാരമെല്ലാം കഴിഞ്ഞതിനുശേഷം നബിﷺതിരുമേനി രണ്ടുവഴികാട്ടികളേയും വിളിച്ചു. തന്റെ സൈനിക പദ്ധതികളെക്കുറിച്ച് വിവരിച്ചു കൊണ്ടു പറഞ്ഞു: "ഞാൻ ഖയ്ബറിൽ ഇന്ന രീതിയിലാണ് ആക്രമണം (സൈനിക നടപടി) നടത്താനുദ്ദേശിക്കുന്നത്. ഒരു ഭാഗത്ത് ഖയ്ബറിലെ ആരുംതന്നെ ശാം എന്ന രാജ്യത്തേക്ക് ഓടി രക്ഷപ്പെടാതിരിക്കുന്നതിനു ഞാൻ അതിനിടയിൽ ഒരു തടസ്സമാകുന്നതാണ്. അതുപോലെതന്നെ ഗത്ഫാൻ ഗോത്രത്തിലെ യഹൂദികൾ ഇവരെ സഹായിക്കാൻ വരാതിരിക്കുന്നതിനുംവേണ്ടി ഞാൻ അവർക്കിടയിലും തടസ്സമായി നിൽക്കും. ഹസീൽ എന്ന പേരുള്ള വഴികാട്ടി സൈന്യത്തെയും കൂട്ടി പുറപ്പെട്ടു. അങ്ങനെ വ്യത്യസ്ത വഴികൾ കൂടുന്ന ഖയ്ബറിലെ ഒരു താഴ്‌വരയുടെ അടുത്തെത്തി നിൽക്കുകയും ചെയ്തു. നബിﷺതിരുമേനി അവരോടു വഴികളുടെയെല്ലാം പേരുകളെ കുറിച്ച് ചോദിച്ചപ്പോൾ അവർ ഹുസ്ന:, ശാശ്, ഹാത്തിബ് തുടങ്ങിയ പേരുകൾ പറഞ്ഞു. അവ അതിന്റെ അർഥത്തിന്റെ അടിസ്ഥാനത്തിൽ ഇടുങ്ങിയത്, കഠിനമായത്, ദുഖം നിറഞ്ഞത് തുടങ്ങിയ അർഥമുള്ളതാണ്.

അതിലൊരു പേര് മർഹബ് എന്നും പറയപ്പെടുന്നു. അതിന്റെ അർഥം കുശാലത, സന്തോഷം എന്നെല്ലാമാണ്. നബിﷺതിരുമേനി ദൈവിക നിർദ്ദേശപ്രകാരം സുശകുനം എന്ന നിലയ്ക്ക് മർഹബ് എന്ന് പേരുള്ള വഴിയാണ് തിരഞ്ഞെടുത്തത്. ഗത്ഫാൻഗോത്രക്കാർ ഖയ്ബർകാരെ സഹായിക്കാൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ഇനിയും 4000 പേരടങ്ങുന്ന സൈന്യവുമായി വരാനാഗ്രഹിക്കുന്നുവെന്നും അവർ ഇസ്‌ലാമിക സൈന്യം എത്തുന്നതിനുമുമ്പേ ഖയ്ബറിൽ പോകുന്ന വഴിയിൽ ഇസ്‌ലാമിക സൈന്യത്തെ ആക്രമിക്കാനാണ് പദ്ധതിയെന്നും നബിﷺതിരുമേനിക്ക് അറിയിപ്പ് ലഭിച്ചിട്ടുണ്ടായിരുന്നു. ഗത്ഫൻഗോത്രം തങ്ങളുടെ അറിയപ്പെടുന്ന സൈനിക നേതാക്കളായ ത്വുലയഹ ബിൻ ഖുവയ്‌ലിദിന്റെയും ഉയയ്നഹ് ബിൻ ഹിസ്നിന്റേയും നേതൃത്വത്തിൽ ഏകദേശം ആയിരം പേരടങ്ങുന്ന സൈന്യത്തെ നേരത്തെതന്നെ ഖയ്ബറിലേക്ക് അയക്കുകയും അവർ ഖയ്ബറിലെ കോട്ടകളുടെ അടുത്തുവരെ എത്തുകയും ചെയ്തിരുന്നു. 4000 വരുന്ന സൈന്യം ഇസ്‌ലാമിക സൈന്യത്തെ തടയുന്നതിനും തങ്ങളുടെ അറിവനുസരിച്ച് അവരെ ഇല്ലായ്മ ചെയ്യുന്നതിനും വഴിയിലുണ്ടയിരുന്നുതാനും. നബിﷺതിരുമേനി, ബനൂഗത്ഫാനുമായി ബന്ധപ്പെടുകയും അവർക്ക് ഒരു കത്തയക്കുകയും ചെയ്തു. ആ കത്തിൽ ഇപ്രകാരം എഴുതി: "ഖയ്ബർകാരുമായുള്ള യുദ്ധത്തിൽ അവർ നിഷ്പക്ഷത പാലിക്കേണ്ടതാണ്. അല്ലാഹു എനിക്ക് ഖയ്ബറിൽ വിജയം നൽകുമെന്ന് വ്യക്തമായും എന്നോട് വാഗ്ദാനം ചെയ്തിട്ടുണ്ട്."

ചില ചരിത്രകാരന്മാരുടെ വീക്ഷണമനുസരിച്ച് നബിﷺതിരുമേനി അവർക്ക് നൽകിയ സന്ദേശത്തിൽ ഇതുംകൂടി പറഞ്ഞിരുന്നു: "അവർ യഹൂദികളോടൊപ്പം നിൽക്കുന്നതിൽനിന്ന് പിന്മാറേണ്ടതാണ്. ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ വിജയത്തിനുശേഷം ഈ ഗോത്രങ്ങൾക്ക് അത് നൽകപ്പെടുന്നതായിരിക്കും." ചിലരുടെ വീക്ഷണമനുസരിച്ച് നബിﷺതിരുമേനി ഇസ്‌ലാം സ്വീകരിക്കുന്നതിന് ഒരു നിബന്ധനയും വെച്ചിരുന്നില്ല. മറിച്ച് ഇപ്രകാരം പറഞ്ഞു: "അവർ ഖയ്ബറുകാരെ സഹായിക്കരുത്, തികച്ചും നിഷ്പക്ഷത പുലർത്തി മാറി നിൽക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഖയ്ബറിൽ നിന്നുകിട്ടുന്ന വാർഷിക വരുമാനത്തിന്റെ പകുതി അവർക്ക് നൽകപ്പെടുന്നതായിരിക്കും." എന്നാൽ, അവരുടെ ശിരസ്സുകളിൽ 1600 മുസ്‌ലിമീങ്ങൾക്കെതിരെ പതിനഞ്ചായിരം വരുന്ന യോദ്ധാക്കളുടെ സൈന്യത്തിന്റേയും ശക്തമായ കോട്ടകളുള്ളതിന്റേയും അഹങ്കാരമായിരുന്നു ഉണ്ടായിരുന്നത്. അതുകാരണം അവർ നബിﷺതിരുമേനിയുടെ ഈ പ്രവചനത്തെ സ്വീകരിക്കുന്നതിൽനിന്ന് പിന്മാറുകയാണ് ചെയ്തത്. അപ്പോൾ നബിﷺതിരുമേനി ഖസ്‌റജ് ഗോത്രത്തിന്റെ നേതാവും വരിഷ്ഠ സ്വഹാബിയുമായ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ ഗത്ഫാന്റെ സൈനിക നേതാവായ ഉയയ്നഹ് ബിൻ ഹിസ്നിന്റെ അടുത്ത് അയച്ചു. ഇയാൾ ആ സമയത്ത് ബനൂ ഗത്ഫാന്റെ മേൽപ്പറഞ്ഞ ആയിരം പേരടങ്ങുന്ന സൈന്യത്തിന്റെ നേതൃത്വം വഹിച്ചുകൊണ്ട് ഖയ്ബറിൽ യഹൂദികളുടെ നേതാവായ മർഹബിന്റെ കോട്ടയിൽ എത്തിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് സഅ്ദ്ؓ, നബിﷺതിരുമേനിയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് വരുന്നുവെന്ന് അറിയാൻ കഴിഞ്ഞപ്പോൾ അയാൾ അദ്ദേഹത്തെ കോട്ടയുടെ അകത്ത് കൊണ്ടുപോകാൻ തുനിഞ്ഞു. അപ്പോൾ മർഹബ് ആക്ഷേപം ഉന്നയിച്ചുകൊണ്ട് പറഞ്ഞു: "മുസ്‌ലിമീങ്ങളുടെ ഈ പ്രതിനിധിയെ കോട്ടകൾക്കുള്ളിൽ കൊണ്ടുവരാൻ പാടില്ല. അയാൾ ഉള്ളിൽ വന്നു അകത്തെ കോട്ടയുടെ ഉള്ളിൽ വരാനുള്ള വഴികളെപ്പറ്റി എല്ലാം കണ്ടറിയും." പക്ഷേ, ഉയയ്നഹ് പറഞ്ഞു, ഞാൻ മുസ്‌ലിമീങ്ങളുടെ പ്രതിനിധിയെ ഉള്ളിൽ കൊണ്ടുവരാനാഗ്രഹിക്കുന്നു. അങ്ങനെ അയാൾ നമ്മുടെ ശക്തിയും നമ്മുടെ സൈനിക സംവിധാനത്തിന്റെ മികച്ച തയ്യാറെടുപ്പുകളെ കുറിച്ചും കണ്ടറിയട്ടെ. എന്നാൽ, മർഹബ് അത് അംഗീകരിച്ചില്ല. അങ്ങനെ ഉയയ്നഹ് പുറത്തുവെച്ചുതന്നെ ഹദ്റത്ത് സഅ്ദിനെ കണ്ടുമുട്ടി. ഹദ്റത്ത് സഅ്ദ്, ഉയയ്നഹിന് നബിﷺതിരുമേനിയുടെ സന്ദേശം നൽകി, അതായത് അല്ലാഹു ഞങ്ങൾക്ക് ഖയ്ബറിൽ വിജയം നൽകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഇവിടെനിന്ന് തിരിച്ചു പോകുന്നതാണ് ഉചിതം. യുദ്ധത്തിൽനിന്ന് പിന്മാറുക. ഖയ്ബർ ജയിച്ചടക്കിയതിനു ശേഷം അതിലെ ഒരു വർഷത്തെ ഈത്തപ്പഴം നിങ്ങൾക്ക് നൽകപ്പെടുന്നതായിരിക്കും. അപ്പോൾ ഉയയ്നഹ്, ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു: 'ഞങ്ങൾക്ക് ഒരു കാരണവശാലും ഞങ്ങളുടെ സഖ്യകക്ഷിയെ ഒഴിവാക്കാൻ സാധ്യമല്ല. നിങ്ങൾക്ക് എത്ര മാത്രം ശക്തിയുണ്ടെന്നൊക്കെ ഞങ്ങൾക്കറിയാം. ഈ യഹൂദികൾ ശക്തമായ കോട്ടയുള്ളവരാണ്. അവരുടെ സൈനിക ബലവും വളരെ കൂടുതലാണ്. ആയുധവും അവരുടെ കൈയിൽ ഒരുപാടുണ്ട്. നിങ്ങൾ അവരെ നേരിടുകയാണെങ്കിൽ നിങ്ങളെല്ലാവരും നശിപ്പിക്കപ്പെടുന്നതായിരിക്കും. നിങ്ങൾക്ക് എളുപ്പത്തിൽ വിജയം ലഭിക്കാൻ ഇവർ ഖുറയ്ശികളെപ്പോലെയുള്ള ആളുകളല്ല." അതിനോടൊപ്പം അയാൾ ഇതും കൂടി പറഞ്ഞു: "എന്റെ ഈ സന്ദേശം മുഹമ്മദിﷺനും കൊടുക്കുക." അഹങ്കാരത്തോടെയുള്ള ഈ മറുപടി കേട്ടപ്പോൾ ഹദ്റത്ത് സഅ്ദ്, ഉയയ്നഹിനോടു പറഞ്ഞു: "ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് സല്ലല്ലാഹു അലയ്ഹിവസല്ലം തീർച്ചയായും നിന്റെ അടുക്കലൂടെ ഈ കോട്ടയിൽ വരുന്നതായിരിക്കും. ഇപ്പോൾ നിനക്ക് മുന്നിൽവെച്ചിട്ടുള്ള ഈ വാഗ്ദാനത്തിനുവേണ്ടി ആ സമയത്ത് നീ യാചിക്കുന്നതാണ്. ആ സമയത്ത് നിനക്ക് വാളു കൊണ്ടല്ലാതെ മറുപടി നൽകപ്പെടുന്നതല്ല." അതായത് അപ്പോൾ തീർച്ചയായും യുദ്ധമുണ്ടാകുന്നതാണ്.

"ഉയയ്നഹേ! മദീനയിലെ യഹൂദികളുടെ മുറ്റത്തും ഞങ്ങളിറങ്ങിയത് ഞാൻ കണ്ടിട്ടുണ്ട്. അവർ വളരെ മോശമായ രീതിയിൽ നശിപ്പിക്കപ്പെടുകയാണ് ചെയ്തത്."

ഇതും പറഞ്ഞ് ഹദ്റത്ത് സഅ്ദ്رضതിരിച്ചുപോയി നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ എല്ലാ കാര്യങ്ങളും പറഞ്ഞു. അതോടൊപ്പം ഇതുംകൂടി അദ്ദേഹം പറഞ്ഞു: "അല്ലാഹു അങ്ങേയ്ക്ക് നൽകിയ വാഗ്ദാനം തീർച്ചയായും പൂർത്തിയാക്കുന്നതും തന്റെ ദീനിനെ വിജയിപ്പിക്കുന്നതുമാണ്. ആ സമയത്ത് ആ കാട്ടറബിയായ ഉയയ്നഹിന് ഒരു ഈത്തപ്പഴം പോലും നൽകരുത്. യാ റസൂലല്ലാഹ്! അയാളെ വാളുകൾ പിടികൂടുമ്പോൾ അയാൾ ആ യഹൂദികളെ ഒഴിവാക്കി തന്റെ നാട്ടിലേക്ക് നേരത്തെ ഖൻദക്ക് വേളയിൽ ഓടിപ്പോയതുപോലെ പിന്തിരിഞ്ഞോടുന്നതാണ്. ഖൻദക്ക് യുദ്ധവേളയിലും ഈ ഗോത്രം 6000 പേരടങ്ങുന്ന സൈന്യവുമായി ഖുറയ്ശികളെ സഹായിക്കാൻ വന്നിട്ടുണ്ടായിരുന്നു. പിന്നെ അവിടെനിന്ന് പിന്തിരിഞ്ഞോടുകയാണ് ചെയ്തത്. ദൈവികപ്രതാപത്തിന്റേയും ഗത്ഫാൻകാരുടെ പിന്തിരിഞ്ഞോട്ടത്തിന്റെയും വിവരണവും കാണപ്പെടുന്നുണ്ട്.

നബിﷺതിരുമേനി പറഞ്ഞു: നുസിർത്തു ബിർറുഅ്ബി അതായത് എനിക്ക് ആദരയുക്തമായ ഗാംഭീര്യത്താൽ സഹായം നൽകപ്പെട്ടിരിക്കുന്നു. ഈ സംഗതി ഇവിടെ ഒരിക്കൽ കൂടി ഗത്ഫാനി സൈനികരുടെ കാര്യത്തിൽ പൂർത്തിയാവുകയാണ് ചെയ്തത്.

പറഞ്ഞു വന്നതുപോലെ 4000 വരുന്ന സൈന്യം ഇസ്‌ലാമിക സൈന്യത്തെ ആക്രമിക്കുന്നതിന് തക്കം പാർത്തിരിക്കുകയായിരുന്നു. മുസ്‌ലിമീങ്ങൾ ഖയ്ബറിൽ വരുന്നതിനുമുമ്പേ, അവരെ തടയുന്നതിന് കാത്തിരിക്കുകയുമായിരുന്നു. എന്നാൽ, ദൈവികവിധി വെളിപ്പെട്ടത് നോക്കുക. ഗത്ഫാൻകാരുടെ ഒരു സൈന്യം പെട്ടെന്നുതന്നെ തിരിച്ചുപോയി. അവർ തങ്ങളുടെ വീടുകളിലേക്ക് തിരിച്ചു പുറപ്പെട്ടു. ചരിത്രഗ്രന്ഥങ്ങളിലും നബിചരിത്രങ്ങളിലും ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു: 'ഗത്ഫാൻകാരുടെ സൈന്യാധിപൻ ഒരു ശക്തമായ ശബ്ദം കേട്ടു. മുന്നറിയിപ്പ് നൽകുന്ന ഒരാൾ, മുസ്‌ലിമീങ്ങളുടെ സൈന്യം അവരുടെ പിന്നിലൂടെ വന്ന് അവരുടെ വീടുകളും നാൽക്കാലികളും സമ്പത്തും പിടിച്ചെടുക്കുകയും അവരുടെ സമ്പത്തിനെയും സ്ത്രീകളെയും കുട്ടികളെയും ബന്ദിയാക്കുകയും ചെയ്തിരിക്കുന്നുവെന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. അപ്പോൾ അവർ എത്രയും പെട്ടെന്ന് തിരിച്ചുപോയി. അങ്ങനെ യഹൂദികൾക്ക് അവരെ സഹായിക്കാൻ കഴിഞ്ഞില്ല. ഇത് അദൃശ്യത്തിൽ നിന്നുള്ള ഒരു സഹായമായിരുന്നു. അത് അല്ലാഹുവിന്റെ ശബ്ദവുമായിരുന്നു.*(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 8, പേജ് 346, 348 ദാറുസ്സലാം)(ശറഹ് സർഖാനീ വാല്യം 3 പേജ് 245, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹ് ഖയ്ബർ, ബാശമീൽ പേജ് 6, 90–91, നഫീസ് അക്കാഡമി കറാച്ചി)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 8, പേജ് 376,378–379 ബസം ഇഖ്ബാൽ ലാഹോർ 2022)(സ്വഹീഹുൽ ബുഖാരി കിതാബുൽ വുളൂഇ, ഹദീഥ് 209)(ഇംതാഉൽ അസ്മാഅ് വാല്യം 10, പേജ് 56, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഉസുദുൽഗാബ വാല്യം 3, പേജ് 428, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(കിതാബുൽ മഗാസി വാഖ്ദീ, വാല്യം 2, പേജ് 135 മുത്തർറജ്ജിം)*

ചരിത്രഗ്രന്ഥങ്ങളിൽ ഗത്ഫാൻകാരുടെ സൈനിക ശക്തിയെ സംബന്ധിച്ചും അഭിപ്രായ ഭിന്നതയുണ്ട്. നേരത്തെ ഒരു ഗ്രന്ഥത്തിന്റെ ഉദ്ധരണിയിൽ പറഞ്ഞതുപോലെ ഗത്ഫാൻ ഗോത്രത്തിൽനിന്ന് ആയിരം പേരടങ്ങുന്ന യോദ്ധാക്കൾ തങ്ങളുടെ നേതാവായ ഉയയ്നഹ് ബിൻ ഹിസ്നിന്റെ നേതൃത്വത്തിൽ ഖയ്ബറിലെ യഹൂദികളെ സഹായിക്കുന്നതിനുവേണ്ടി അവരുടെ കോട്ടകളിലെത്തിയിട്ടുണ്ടായിരുന്നു. അതേസമയം മറ്റു നബിചരിത്രഗ്രന്ഥങ്ങളിൽ അവരുടെ എണ്ണം ആയിരം എന്നതിനു പകരം 4000 എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. *(കിതാബുൽമഗാസി വാഖ്ദീ വാല്യം 2, പേജ് 135, മുത്തർറജ്ജിം)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 8, പേജ് 357, ദാറുസ്സലാം)*

ഇതേപോലെ ചില നബിചരിത്രങ്ങളിൽ എഴുതിയിരിക്കുന്നു: ഉയയ്നഹിന്റെ നേതൃത്വത്തിൽ ബനുഗത്ഫാന്റെ 4000 പേരടങ്ങുന്ന സൈന്യം ഖയ്ബറിലേക്ക് വരുമ്പോൾ വഴിയിൽത്തന്നെ നബിﷺതിരുമേനിയുടെ സംഘവുമായി ഉയയ്നഹിന്റെ സംസാരമുണ്ടായി. അങ്ങനെ വഴിയിൽവെച്ചുതന്നെ ദൈവിക പ്രതാപം കാരണം ഈ 4000 വരുന്ന സൈന്യം തിരിച്ചു തങ്ങളുടെ നാട്ടിൽ പോയി.*(സീറത്ത് ഇബ്നു ഹിശാം പേജ് 694, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ശറഹ് സർഖാനീ വാല്യം 3, പേജ് 252, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

സീറത്ത് ഇബ്നു ഹിശാമിൽ ഇതിങ്ങനെയാണ് എഴുതിയിട്ടുള്ളത്.

ഏതായാലും നബിﷺതിരുമേനി ഖയ്ബറിലേക്ക് തന്റെ യാത്ര തുടർന്നു. ശാമിലെ അന്ധകാരത്തിൽ ഖയ്ബറിന്റെ കോട്ടകൾ കാണപ്പെടുന്നുണ്ടായിരുന്നു. നബിﷺതിരുമേനി സ്വഹാബാക്കളോടു പറഞ്ഞു: 'നിൽക്കുക. അപ്പോൾ അവരെല്ലാവരും അവിടെ നിന്നു. നബിﷺതിരുമേനി ഇങ്ങനെ ദുആ ചെയ്തു: **അല്ലാഹുമ്മ റബ്ബസ്സമാവാത്തിസ്സബ്അ വമാ അള്‌ലൽനാ വ റബ്ബൽ അർളീനസ്സബ്അ വമാ അഖ്‌ലൽനാ വ റബ്ബശ്ശയാത്വീന വമാ അള്ലൽനാ വ റബ്ബർരിയാഹ വമാ അദ്റയ്നാ ഫഇന്നാ നസ്അലുക്ക മിൻ ഖയ്രി ഹാദിഹിൽ ഖർയത്തി വ ഖയ്രി അഹ്ലിഹാ വ നഊദുബിക്ക മിൻ ശർരിഹാ വ ശർരി മാ ഫീഹാ അഖ്ദിമൂ ബിസ്മില്ലാഹി**

ഏഴ് ആകാശങ്ങളുടെയും അത് നിഴലിട്ടിരിക്കുന്ന സർവ്വ സാധനങ്ങളുടെയും നാഥാ! ഏഴ് ഭൂമികളുടെയും അത് വഹിച്ചുകൊണ്ടിരിക്കുന്നവയുടെയും നാഥാ! ശയ്ത്വാന്മാരുടെയും അവർ വഴിപിഴപ്പിക്കുന്നവരുടെയും നാഥാ! കാറ്റുകളുടെയും അത് എടുത്തുകൊണ്ടുപോകുന്നവയുടെയും നാഥാ! അല്ലയോ അല്ലാഹുവേ! ഞങ്ങൾ എല്ലാവരും ഈ നാടിന്റെ നന്മയും അതിൽ വസിക്കുന്നവരുടെ നന്മയും യാചിക്കുന്നു. ഈ നാടിന്റെയും അതിൽ വസിക്കുന്നവരുടെയും ദ്രോഹത്തിൽനിന്ന് നിന്നോടു അഭയം തേടുകയും ചെയ്യുന്നു.' തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: "അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ടു മുന്നോട്ടു കുതിക്കുവിൻ!'*(സുബുലുൽഹുദാ വർരശാദ് വാല്യം 5, പേജ് 118, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

അതിനുശേഷം നബിﷺതിരുമേനി പുറപ്പെട്ടു. അങ്ങനെ നിശ്ചിത സ്ഥലത്തെത്തി. അത് ഖയ്ബറിലെ അങ്ങാടിയായിരുന്നു. ഈ അങ്ങാടി യുദ്ധത്തിനുശേഷം ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെ ഓഹരിയിലാണ് വന്നത്. നബിﷺതിരുമേനി രാത്രിയുടെ കുറച്ചുഭാഗം ഈ പറയുന്ന ലക്ഷ്യ സ്ഥാനത്ത് അതായത് അങ്ങാടിയിലാണ് കഴിച്ചുകൂട്ടിയത്. നബിﷺതിരുമേനി ഇങ്ങനെ ഒരു യുദ്ധനീക്കം നടത്തുമെന്ന് യഹൂദികൾ പ്രതീക്ഷിച്ചതല്ല. എന്തുകൊണ്ടെന്നാൽ, യഹൂദികൾ തങ്ങളുടെ കോട്ടകളിലും ആയുധക്കോപ്പുകളിലും ആളുകളുടെ ആധിക്യത്തിലും അഹങ്കരിക്കുകയായിരുന്നു. നബിﷺതിരുമേനി അവരുടെ അടുത്ത് വരികയാണെന്നറിഞ്ഞപ്പോൾത്തന്നെ ഓരോ ദിവസവും പതിനായിരക്കണക്കിന് യോദ്ധാക്കൾ നിരനിരയായി പുറത്തുവന്ന് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'മുഹമ്മദ്ﷺ എങ്ങനെയാണ് സൈനിക നീക്കം നടത്തുകയെന്ന് നോക്കാമല്ലോ? അതൊരിക്കലും സാധ്യമല്ല!' പക്ഷേ, നബിﷺതിരുമേനി അവരുടെ അടുത്തെത്തുമ്പോൾ അവർക്ക് അറിയാൻ പോലും കഴിഞ്ഞില്ല. അങ്ങനെ സൂര്യനുദിച്ചു. രാത്രിയാണെത്തിയത്. രാവിലെ യഹൂദികൾ തങ്ങളുടെ കോട്ടകളിൽനിന്ന് പുറത്തു വരുമ്പോൾ അവരുടെ കൈകളിൽ മൺവെട്ടിയും കുട്ടകളുമാണുണ്ടായിരുന്നത്. അവർ ജോലിക്ക് പോകുകയായിരുന്നു. അവർ നബിﷺ തിരുമേനിയെ കണ്ടപ്പോൾ ഓടി തങ്ങളുടെ കോട്ടയ്ക്കുള്ളിൽ ഒളിച്ചു.*(സുബുലുൽ ഹുദാ വർരശാദ് വാല്യം 5, പേജ് 118–119 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് അനസ്رضനിവേദനം. നബിﷺതിരുമേനി ഖയ്ബറിൽ രാത്രിയെത്തിയപ്പോൾ നേരം വെളുക്കുന്നതുവരെയും അവർക്കുമേൽ ആക്രമണം നടത്തിയില്ല. രാവിലെയായപ്പോൾ യഹൂദികൾ തങ്ങളുടെ മൺവെട്ടികളും കുട്ടകളുമായി പുറത്തിറങ്ങുകയായിരുന്നു. അതായിരുന്നു അവിടെ എത്തിയ സമയം. ഏതായാലും രാത്രിയിൽ ആക്രമണം നടത്തിയില്ല. നേരംവെളുത്തപ്പോഴാണ് ആക്രമണം നടത്താനുദ്ദേശിച്ചത്. അങ്ങനെ നേരംവെളുത്തപ്പോൾ യഹൂദികൾ തങ്ങളുടെ മൺവെട്ടികളും കുട്ടകളുമായി പുറപ്പെടുന്നുണ്ടായിരുന്നു. അവർ നബിﷺതിരുമേനിയെ കണ്ടപ്പോൾ പറഞ്ഞു: "അല്ലാഹുവാണെ സത്യം! മുഹമ്മദ്ﷺ. അല്ലാഹുവാണെ സത്യം!മുഹമ്മദും സൈന്യവും!"

നബിﷺ തിരുമേനി പറഞ്ഞു: **"ഖരിബത്ത് ഖയ്ബറു ഇന്നാ ഇദാ നസൽനാ ബി സാഹത്തി ഖൗമിൻ ഫസാഅ സ്വബാഹുൽമുൻദരീന"**

അതായത് ഖയ്ബർ നശിപ്പിക്കപ്പെട്ടിരിക്കുന്നു! നാം ഏതെങ്കിലും സമൂഹത്തിന്റെ മുറ്റത്ത് വന്നിറങ്ങുമ്പോൾ ആ സമയത്ത് താക്കീതു നൽകപ്പെടുന്നവരുടെ പ്രഭാതം വളരെ മോശമായിരിക്കും.*(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ബാബ് ഗസ്വഃ ഖയ്ബർ, ഹദീഥ് 4197)*

മൻസില എന്ന പദത്തിൽ സ്ഥിരമായിട്ടുള്ള താവളം വെക്കപ്പെട്ടിട്ടില്ല. ഇസ്‌ലാമിക സൈന്യത്തിന്റെ താവളത്തിൽ മാറ്റങ്ങൾ വന്നുകഴിഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് പറയപ്പെടുന്നു: മൻസില എന്ന സ്ഥലത്ത് രാത്രി കഴിച്ചുകൂട്ടി.

അവിടെ തന്നെയാണ് നേരം വെളുപ്പിച്ചത്.

ഹദ്റത്ത് ഹുബാബ് ബിൻ മുൻദിർؓ പറഞ്ഞു: 'അങ്ങ് ഈ സ്ഥലത്ത് അതായത് മൻസില യിൽ താവളമുണ്ടാക്കാൻ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണെങ്കിൽ ഞങ്ങൾക്കൊന്നും പറയാനില്ല. ഇനി അങ്ങയു ടെ അഭിപ്രായമാണെങ്കിൽ ഞങ്ങൾ ഒരു അഭി പ്രായം അങ്ങയോടു പറയാനാഗ്രഹിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു: ഈ അഭിപ്രായം എന്റേതു മാത്രമാണ്. അപ്പോൾ ഹദ്റത്ത് ഹുബാ ബ് ؓപറഞ്ഞു: ഇത് അവരുടെ കോട്ടകളുടെ വളരെ അടുത്തും അവരുടെ തോട്ടങ്ങളുടെ മു ന്നിലുമാണുള്ളത്. ഇത് തരിശു ഭൂമിയുമാണ്. എനിക്ക് നത്വാതുകാരെ പറ്റി അറിയാം. അവ രുടെ അമ്പുകൾ വളരെ ദൂരത്തെത്താറുണ്ട്. മാത്രമല്ല അവർ നമ്മളെക്കാളും ഉയർന്ന സ്ഥല ത്താണുള്ളത്. അവരുടെ അമ്പുകൾ വളരെ പെട്ടെന്ന് നമ്മുടെ അടുത്തെത്താൻ സാധ്യത യുണ്ട്. അവരുടെ രാത്രിയുള്ള ആക്രമണത്തിൽ നിന്ന് നമുക്ക് സുരക്ഷിതരാകാനും കഴിയില്ല. അവർക്ക് ഈന്തപ്പനകളുടെ കൂട്ടത്തിനിടയിൽ ഒളിഞ്ഞിരിക്കാനും കഴിയും. അതുകൊണ്ട് അങ്ങ് ഇവിടെനിന്ന് മറ്റൊരു സ്ഥലത്ത് മാറ ണം എന്നാണ് എന്റെ അപേക്ഷ. നബിﷺ തിരുമേനി പറഞ്ഞു: നിങ്ങൾ നല്ല അഭിപ്രാ യമാണ് പറഞ്ഞത്. പക്ഷേ, നമ്മൾ ഇന്നു തന്നെ അവരുമായി യുദ്ധം ചെയ്യുന്നതാണ്. അതോടൊപ്പംതന്നെ നബിﷺതിരുമേനി, മു ഹമ്മദ് ബിൻ മസ്‌ലമയെ വിളിച്ചു. അദ്ദേഹം നബിﷺതിരുമേനിയുടെ സംരക്ഷണച്ചുമതല യുള്ള സംഘത്തിന്റെ ഇൻചാർജായിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: അവരുടെ കോട്ടകളിൽനിന്ന് അൽപം അകന്ന് നമുക്കുള്ള സ്ഥലം അന്വേഷിക്കൂ! മുഹമ്മദ് ബിൻ മസ്‌ലമ നടന്നുനടന്ന് റജീഅ് എന്ന സ്ഥലത്തെത്തി. അത് ഖയ്ബറിനും ഗത്വഫാൻ ഗോത്രങ്ങൾക്കുമിടയിലുള്ള സ്ഥലമായിരുന്നു. പിന്നീട് നബിﷺതിരുമേനിയുടെ അടുത്ത് തിരി ച്ചെത്തി പറഞ്ഞു: യാ റസൂലല്ലാഹ്!ഞാൻ അങ്ങ യ്ക്കുവേണ്ടി ഒരു സ്ഥലം കണ്ടു വന്നിട്ടുണ്ട്. നബിﷺതിരുമേനി പറഞ്ഞു: "അല്ലാഹുവിന്റെ അനുഗ്രഹങ്ങളുമായി നീങ്ങുക."

അതിനുമുമ്പേ ഇന്നുതന്നെ ഇതേ സ്ഥല ത്തുവെച്ച് യുദ്ധം തുടങ്ങുമെന്നും നബിﷺ തിരുമേനി പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെ വൈകുന്നേരത്ത് യുദ്ധം അവസാനിച്ചതിനു ശേഷം ഈ പുതിയ സ്ഥലത്ത് എല്ലാ ഇസ് ലാമിക സൈന്യവും മാറി.*(ഇംതാഉൽഅസ് മാഅ് വാല്യം 9 പേജ് 231, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 119 ദാറുൽകു തുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സുബുലുൽ ഹുദാ വർറശാദ്(മുത്തർജ്ജിം)വാല്യം 5, പേജ് 130 പ്രസാധനം സാവിയ്യ പബ്ലിഷേഴ്സ് ലാ ഹോർ) (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 694, ദാറുൽകുതുബുൽ ഇൽ മിയ്യ ബെയ്റുത്ത്)*

ഖയ്ബറിലെ വിവിധ കോട്ടകളുടെ വിഭജ നത്തെ സംബന്ധിച്ചും വിവരിക്കേണ്ടത് ആ വശ്യമാണ്. കാരണം ഈ യുദ്ധം കോട്ടകളെ സംബന്ധിച്ചുതന്നെയാണ് ഉണ്ടായിരുന്നത്. അത് ഒന്നിനുപിന്നാലെ മറ്റൊന്നായി പിടി ച്ചടക്കുകയായിരുന്നു. ഈ കോട്ടകളുടെ എണ്ണ ത്തിൽ മാത്രമല്ല അവയുടെ പേരിന്റെ കാര്യ ത്തിലും അഭിപ്രായവ്യത്യാസമുണ്ട്. കൂടാതെ ചില ഗ്രന്ഥങ്ങളിൽ ഈ യുദ്ധത്തിലെ സംഭ വങ്ങളും ചില കോട്ടകളുമായി ചേർത്താണ് പറഞ്ഞിട്ടുള്ളത്. അതേസമയം മറ്റു ഗ്രന്ഥങ്ങ ളിൽ വേറെ ചില കോട്ടകളുമായി ബന്ധപ്പെ ടുത്തിയാണ് വിവരിച്ചിട്ടുള്ളത്.

താരീഖ് യഅ്ഖൂബിയിൽ ഖയ്ബറിലെ കോ ട്ടകളുടെ എണ്ണം ആറാണെന്ന് പറയപ്പെട്ടിരി ക്കുന്നു. ഇവയിൽ നായിം എന്ന കോട്ടയെ സംബന്ധിച്ച് പറയുന്നതേയില്ല. അതേസമ യം ഭൂരിഭാഗം നബി ചരിത്ര പുസ്തകങ്ങളി ലും ആരംഭംമുതലെ ഈ നായിം കോട്ടയെ സംബന്ധിച്ചാണ് കാണപ്പെടുന്നത്. സർക്കാനി കോട്ടകളുടെ എണ്ണം 10-ാണെന്ന് പറയുന്നു. ഈ എല്ലാ ഗ്രന്ഥങ്ങളും നോക്കുകയാണെ ങ്കിൽ ഖയ്ബർ പ്രദേശം നത്വാത്, ശഖ്, കത്തീബ എന്നിങ്ങനെ മൂന്നായി വിഭജിക്ക പ്പെട്ടിരിക്കുന്നു എന്നു കാണാം. ഈ മൂന്നു ഭാഗങ്ങളിലും 8 കോട്ടകൾ താഴെ ചേർക്കുന്ന വിഭജനമനുസരിച്ച് പറയപ്പെടുന്നു. അതായ ത് നത്വാത്തിൽ 3 കോട്ടകളുണ്ടായിരുന്നു. അതായത് നായിം, സ്വഅ്ബ്, സുബയ്ർ. ഈ കോട്ടയുടെ പേര് ഖുല്ല എന്നായിരുന്നു. ഇത് പിന്നീട് ഹദ്റത്ത് സുബയ്ർ ബിൻ അ വ്വാമിന്റെ വിഹിതത്തിലാണ് വന്നുചേർന്നത്. അതുകൊണ്ട് അത് സുബയ്ർ എന്ന പേരിലും പ്രസിദ്ധമായിരുന്നു. ശഖിൽ രണ്ട് കോട്ടക ളുണ്ടായിരുന്നു. അതായത് ഉബയും ബരീയും. ചിലർ ഇതിനെ നസാർ എന്നും പറഞ്ഞിട്ടുണ്ട്. കത്തീബയിൽ 3 കോട്ടകളുണ്ടായിരുന്നു. അ തായത് ഖമൂസ്, വത്വീഹ്,സുലാലിം.*(ശറഹ് അല്ലാമ അസ്സർക്കാനി വാല്യം 3, പേജ് 264-266, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഗസ് വാത്തുന്നബിﷺ, അബുൽകലാം ആസാദ് പേജ് 162-163)(ത്വബഖാത്ത് ഇബ്നു സഅ്ദ് വാല്യം 2, പേജ് 81, ദാറുൽകുതുബുൽഇൽ മിയ്യ ബെയ്റുത്ത്)*

യുദ്ധത്തിന്റെ വിശദീകരണം ഇപ്രകാര മാണ്: യുദ്ധം തുടങ്ങുന്നതിനുമുമ്പേ നബി ﷺതിരുമേനി സ്വഹാബാക്കളോടു ഒരു ഹ്രസ്വ ഭാഷണം നടത്തി: 'ശത്രുക്കളുമായി ഏറ്റുമു ട്ടാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോടു എ പ്പോഴും സൗഖ്യം തേടിക്കൊണ്ടിരിക്കുക. നി ങ്ങൾ ഏത് പ്രയാസത്തിലാണ് അകപ്പെടുക യെന്ന് നിങ്ങൾക്കറിയില്ല. നിങ്ങൾ ശത്രുക്ക ളുടെ മുന്നിൽ എത്തിപ്പെടുകയാണെങ്കിൽ ഇങ്ങനെ പ്രാർഥിക്കുക: **"അല്ലാഹുമ്മ അൻ ത റബ്ബുനാ വ റബ്ബുഹും വ നവാസീനാ വ നവാസീഹും ബി യദിക്ക വ ഇന്നമാ തഖ് ത്തുലുഹും അൻത."**

അല്ലാഹുവേ! നീ ഞങ്ങളുടെയും അവരുടെ യും നാഥനാകുന്നു. അവരുടെയും ഞങ്ങളു ടെയും നെറ്റിത്തടങ്ങൾ നിന്റെ കൈകളിലാ കുന്നു. നീ തന്നെയായിരിക്കും അവരെ വധി ക്കുന്നത്! *(സുബുലുൽ ഹുദാ വർറശാദ് വാ ല്യം 5, പേജ് 119-120 ദാറുൽകുതുബുൽ ഇൽ മിയ്യ ബെയ്റുത്ത്)*

അതിനുശേഷം യുദ്ധത്തിനുള്ള കൽപ്പന നൽ കുകയും സ്വഹാബാക്കളോടു ക്ഷമയെക്കുറിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഏറ്റവുമാദ്യം നായിം എന്ന കോട്ടയെയാണ് ഉപരോധിച്ചത്. ഇത് അവരുടെ ഒരു ശക്തമായ കോട്ടയായിരു ന്നു. നബിﷺതിരുമേനി അന്നേദിവസം ശക്തമാ യി യുദ്ധം ചെയ്തു. നത്വാത്തുകാർ നബിﷺ തിരുമേനിയെ ശക്തമായി നേരിടുകയും ചെ യ്തു. അന്ന് സ്വഹാബാക്കൾ നല്ലപോലെ പ്രതിരോധിച്ചു. നബിﷺതിരുമേനി ഇരട്ട പട ച്ചട്ട അണിഞ്ഞിരുന്നു. അതിന്റെ പടത്തൊ പ്പിയും അണിഞ്ഞിട്ടുണ്ടായിരുന്നു. ളരിബ് എന്ന കുതിരയിലാണ് സഞ്ചരിച്ചിരുന്നത്. ളരിബ് നബിﷺതിരുമേനിയുടെ കുതിരയുടെ പേരാകുന്നു. നബിﷺതിരുമേനിയുടെ കൈ യിൽ അമ്പും പരിചയുമുണ്ടായിരുന്നു. ശത്രു തുടർച്ചയായി അമ്പുകൾ എയ്തുകൊണ്ടിരു ന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ വളരെ കരു തലോടെയാണ് അമ്പുകളെയ്തിരുന്നത്. കാര ണം അമ്പുകൾ കുറവായിരുന്നു. യഹൂദികളു ടെ ഭാഗത്തുനിന്ന് വരുന്ന അമ്പുകളെടുത്ത് അവർക്കുനേരെതന്നെ അതെയ്യുകയും ചെ യ്തിരുന്നു.

ഈ യുദ്ധത്തിൽ ഹദ്റത്ത് മഹ്മൂദ് ബിൻ മസ്‌ലമ ശഹീദായതിനെ പറ്റിയും പറയു ന്നുണ്ട്. ഹദ്റത്ത് മഹ്മൂദ് ബിൻ മസ്‌ലമؓ ക്ഷീണിതനായിരുന്നു. അദ്ദേഹത്തിന്റെ ആയു ധങ്ങൾ അദ്ദേഹത്തിന് ഭാരമായി അനുഭവപ്പെ ടുന്നുണ്ടായിരുന്നു. മറ്റൊന്ന് ചൂട് നല്ലപോലെ അദ്ദേഹത്തെ അസ്വസ്ഥനാക്കുന്നുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം കോട്ടയുടെ വാതിലിന്റെ തണലിൽ അല്പനേരം ഇരുന്നു. പറയപ്പെടു ന്നു യഹൂദി നേതാവ് മർഹബ് അദ്ദേഹത്തെ കാണുകയും അദ്ദേഹത്തിന്റെമേൽ ആട്ടുകല്ലി ടുകയും ചെയ്തു. കിനാന ബിൻ റബിയാണ് മുകളിൽനിന്ന് അത് ഇട്ടതെന്നും പറയുന്നുണ്ട്. അത് അദ്ദേഹത്തിന്റെ തലയിൽ കൊള്ളുക യും അദ്ദേഹത്തിന്റെ തലയിലെ ചർമം പൊ ട്ടി മുഖത്ത് പതിക്കുകയും ചെയ്തു. അദ്ദേ ഹത്തെ നബിﷺതിരുമേനിയുടെ അടുത്ത് കൊ ണ്ടുവന്നു. നബിﷺതിരുമേനി അദ്ദേഹത്തിന്റെ ഊർന്നിറങ്ങിയ തൊലി പൂർവ്വ സ്ഥലത്തുതന്നെ വെച്ച് തുണികൊണ്ട് കെട്ടുകയും ചെയ്തു. പക്ഷേ, പരിക്ക് വളരെ ഗുരുതരമായിരുന്നു.


• ഹദീഥുന്നബ്‌വിﷺ •

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഹദ്റത്ത് മഹ്മൂദ് ബിൻ മസ്‌ലമയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ഏതാനും ദിവസത്തിനകം അദ്ദേഹം വഫാത്തായി. ഹദ്റത്ത് മഹ്മൂദിന്ؓപരിക്കേറ്റപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ ആശ്വസിപ്പിച്ചു കൊണ്ട് നബിﷺതിരുമേനി പറഞ്ഞു: 'നിന്റെ സഹോദരന്റെ ഘാതകൻ എത്രയും പെട്ടെന്ന് തന്റെ പര്യവസാനം കാണുന്നതായിരിക്കും.'

ഈ ആദ്യ ദിവസം മുസ്‌ലിമീങ്ങൾക്ക് ഒരു പാട് നഷ്ടം സഹിക്കേണ്ടി വന്നു. കോട്ടകളിൽ നിന്നുള്ള അമ്പെയ്ത്തു കൊണ്ട് 50 മുസ്‌ലിമീങ്ങൾക്ക് പരിക്കുപറ്റി. വൈകുന്നേരമായപ്പോൾ നബിﷺതിരുമേനി റജിയിലേക്ക് തിരിച്ചു. ജനങ്ങളോടും അവിടെ പോകാൻ പറഞ്ഞു. ഈ സ്ഥലമാണ് ഹദ്റത്ത് ഹുബാബിന്റെ അഭിപ്രായത്തിൽ തിരഞ്ഞെടുത്തത്. ഇപ്പോൾ ഇത് മുസ്‌ലിമീങ്ങളുടെ കേന്ദ്രമായി തീർന്നിരുന്നു. പറഞ്ഞുവന്നതുപോലെ ഈ കോട്ട യഹൂദികളുടെ ശക്തമായ കോട്ടയായിരുന്നു. യഹൂദികളുടെ ധീരനും പ്രശസ്തനുമായ യോദ്ധാവ് മർഹബ് ഈ കോട്ടയെ പ്രതിരോധിക്കുന്നതിന് നേതൃത്വം കൊടുത്തു കൊണ്ടിരുന്നു. അയാളെ സഹായിച്ചിട്ടുണ്ടായിരുന്ന കുതിര സവാരിക്കാരനും ധൈര്യത്തിലും തന്റേടത്തിലും അയാളെക്കാളും ഒട്ടും കുറവായിരുന്നില്ല. അത് അയാളുടെ രണ്ട് സഹോദരന്മാരായ യാസിറും ഹാരിഥുമായിരുന്നു. നബിﷺതിരുമേനി തുടർച്ചയായി 10 ദിവസത്തോളം യുദ്ധം ചെയ്തിരുന്നു എന്ന് ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നു. നബിﷺതിരുമേനി, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെയും കൂട്ടിയാണ് പുറപ്പെട്ടിരുന്നത്. താവളത്തിൽ ഹദ്റത്ത് ഉഥ്മാനെയാണ് മേൽനോട്ടം ഏൽപ്പിച്ചിരുന്നത്. വൈകുന്നേരമാകുമ്പോൾ നബി ﷺ തിരുമേനി അതേ സ്ഥലത്ത് തിരിച്ചെത്തിയിരുന്നു. പരിക്കേറ്റ മുസ്‌ലിമീങ്ങളെയും അവിടെയാണ് എത്തിച്ചിരുന്നത്. അവിടെയാണ് അവരുടെ മുറിവുകൾ കെട്ടിയിരുന്നതും.*(സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 50-51, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (കിതാബുൽ മഗാസി വാള്യം 2 പേജ് 121, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (സീറത്ത് എൻസൈക്ലോപീഡിയ വാള്യം 8, പേജ് 361, ദാറുസ്സലാം)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 8, പേജ് 388-390, ബസം ഇഖ്ബാൽ ലാഹോർ) (ഫർഹങ്കെസീറത്ത് പേജ് 183, സവാർ അക്കാഡമി കറാച്ചി)*

ഈ യുദ്ധത്തിന്റെ സംഭവങ്ങളിലൊന്ന് മർഹബുമായുള്ള ദ്വന്ദയുദ്ധവും ആമിർ ബിൻ അക്വഇന്റെ ശഹാദത്തുമാണ്. ഇതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു: ഈ ദിവസങ്ങളിൽ ഈ കോട്ടയുടെ യഹൂദി സൈന്യാധിപനായ മർഹബ് ധൈര്യത്തിലും തന്റേടത്തിലും പകരക്കാരനില്ലാത്തവനായിരുന്നു. അയാൾ മുസ്‌ലിമീങ്ങളെ വെല്ലുവിളിച്ചു കൊണ്ടിരുന്നു. വളരെ അഹങ്കാരത്തോടെ തന്റെ വാൾ ചുഴറ്റിക്കൊണ്ട് ഇങ്ങനെ കവിതാ ശകലങ്ങളും ചൊല്ലിക്കൊണ്ടിരുന്നു:

**ഖദ് അലിമത്ത് ഖയ്ബറു അന്നീ മർഹബു**

**ശാക്കിസ്സിലാഹി ബത്വലുൻ മുജർറബു**

**ഇദൽഹുറൂബു അഖ്ബലത്ത് തുലഹ്ഹബു**

ഞാൻ മർഹബാണെന്ന് ഖയ്ബറിന് അറിയാം. യുദ്ധങ്ങൾ തീ തുപ്പി വരുന്ന വേളയിൽ വളരെ പരിണിത പ്രജ്ഞനുമാണ്.

മർഹബിന്റെ ഈ വെല്ലുവിളി കേട്ടപ്പോൾ ഹദ്റത്ത് ആമിർ ബിൻ അക്വഅ് സൈന്യത്തിൽ നിന്ന് പുറത്ത് മുന്നോട്ടുവന്നു ഇങ്ങനെ ഒരു മറുകവിത ചൊല്ലി:

**ഖദ് അലിമത്ത് ഖയ്ബറു അന്നീ ആമിറു**

**ശാക്കിസ്സിലാഹി ബത്വലുൻ മുഗാമിറു**

ഞാൻ ആമിറാണെന്ന് ഖയ്ബറിന്റെ ഓരോ മുക്കും മൂലയും അറിയുന്നു. യുദ്ധത്തിന്റെ അപകട സ്ഥലങ്ങളിൽ ഒരു ഭയവും കൂടാതെ ഗാനമാലപിക്കുന്നവനുമാണ്.

അതിനുശേഷം അവരിരുവരും മുഖത്തോടു മുഖംവന്ന് പരസ്പരം ആഞ്ഞു വെട്ടാൻ തുടങ്ങി. മർഹബ് വാളുകൊണ്ടു വെട്ടി. അതിനെ ആമിർ തന്റെ പരിചകൊണ്ട് തടയുകയും വേഗം കുനിഞ്ഞ് താഴെക്കൂടി അയാളെ ആക്രമിക്കുകയും ചെയ്തു.

പക്ഷേ, അദ്ദേഹത്തിന്റെ വാൾ കൈവിട്ടു പോവുകയും അതു ശത്രുവിന് കൊള്ളുന്നതിനു പകരം ആമിറിനുതന്നെ അതുകൊണ്ടുള്ള ആഘാതമേൽക്കുകയും ചെയ്തു. അദ്ദേഹത്തിന് വളരെ ആഴത്തിൽ പരിക്കേൽക്കുകയും അങ്ങനെ അദ്ദേഹം ശഹീദാകുകയും ചെയ്തു. ഇത് ഈ യുദ്ധത്തിലെ രണ്ടാമത്തെ ശഹീദായിരുന്നു. ഇരുവരേയും ഒരേ ഖബ്റിൽ റജീഅ് എന്ന സ്ഥലത്ത് ഖബ്റടക്കി. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 8, പേജ് 388-389, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഹദ്റത്ത് സലമ ബിൻ അക്വഅ്ؓ വിവരിക്കുന്നു: എന്റെ പിതൃവ്യൻ ആമിർ ബിൻ അക്വഅ് ؓതന്റെ കൈകൊണ്ടുതന്നെ ശഹീദായപ്പോൾ ചില സ്വഹാബാക്കൾ പറഞ്ഞു: 'ആമിറിന്റെ കർമങ്ങളെല്ലാം നഷ്ടമായിരിക്കുന്നു.' അപ്പോൾ ഞാൻ കരഞ്ഞുകൊണ്ട് നബിﷺതിരുമേനിയുടെ അടുക്കലെത്തി പറഞ്ഞു: 'യാ റസൂലല്ലാഹ്! ആമിറിന്റെ കർമങ്ങളെല്ലാം നഷ്ടപ്പെട്ടുപോയിരിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'അങ്ങനെ ആരാണ് പറഞ്ഞത്?' ഞാൻ പറഞ്ഞു: 'അങ്ങയുടെ ചില സ്വഹാബാക്കൾ അങ്ങനെ പറയുന്നുണ്ട്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: **കദബ മൻ ഖാലഹൂ ഇന്നലഹൂ ലഅജ്റയ്നി വ ജമഅ ബയ്ന ഇസ്ബഅയ്ഹി ഇന്നഹൂ ല ജാഹിദുൻ മുജാഹിദുൻ ഖല്ല അറബിയ്യുൻ മശാബിഹാ മിഥ്ലഹൂ**

അങ്ങനെ ആര് പറയുകയാണെങ്കിലും അത് തെറ്റാണ്. അദ്ദേഹത്തിന് രണ്ടു പ്രതിഫലമുണ്ട്. തന്റെ രണ്ടു വിരലുകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "ഇരട്ടി പ്രതിഫലം അദ്ദേഹത്തിന് കണക്കാക്കപ്പെടുന്നതാണ്." തുടർന്നു പറഞ്ഞു: "അദ്ദേഹം വളരെ വലിയ ജിഹാദ് ചെയ്യുന്നവനാകുന്നു. അങ്ങനെയുള്ള കുറച്ചാളുകൾ മാത്രമേ അറേബ്യൻ മണ്ണിലുള്ളൂ. ഒരു നിവേദനത്തിൽ പറയുന്നു: വളരെ കുറച്ചാളുകൾ മാത്രമേ അറേബ്യൻ മണ്ണിൽ ജനിച്ചിട്ടുള്ളൂ. അതായത് ആമിറിനെപ്പോലെ ആരുംതന്നെ ജനിച്ചിട്ടില്ല. നബിﷺതിരുമേനി പറഞ്ഞു: "അദ്ദേഹം രണ്ടു പ്രതിഫലം കരസ്ഥമാക്കിയിരിക്കുന്നു. അദ്ദേഹത്തിന് പ്രതിഫലം ഒന്നുമില്ലെന്ന് പറയുന്നവർ തെറ്റാണ് പറയുന്നത്."*(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി ബാബ് ഗസ്‌വത്തു ഖയ്ബർ 4196)*

നബിﷺതിരുമേനി റജീഅ് എന്ന സ്ഥലത്തുതന്നെ താമസിച്ചിരുന്നു. അവിടെനിന്ന് നായിം കോട്ട പിടിച്ചടക്കുന്നതിനുവേണ്ടി തുടർച്ചയായി 10 ദിവസം സ്വഹാബാക്കളെ അയച്ചു കൊണ്ടിരുന്നു. കൂടെക്കൂടെ പരാജയപെടുന്നതും സ്വഹാബാക്കൾക്ക് പരിക്കേൽക്കുന്നതും രണ്ട് സഹാബാക്കൾ ശഹീദാവുകയും ചെയ്തത് യഹൂദികളുടെ മനോധൈര്യം വർധിപ്പിക്കുകയായിരുന്നു. അവസാനം ഒരു രാത്രി നബിﷺതിരുമേനി പറഞ്ഞു:

"അല്ലാഹു ആരുടെ കൈകളാലാണോ ഇവിടെ വിജയം വരിക്കേണ്ടത് അദ്ദേഹത്തിന് നാളെ ഞാൻ പതാക കൈമാറുന്നതാണ്. ആ വ്യക്തി അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്ന ആളായിരിക്കും."

ബുഖാരിയിലുള്ള നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ബുറയ്ദؓവിവരിക്കുന്നു: ഞങ്ങൾ രാത്രി വളരെ സന്തോഷത്തോടെ കഴിച്ചുകൂട്ടി. നാളെ വിജയംവരിക്കുന്നതാണ്! പതാക ആരെയാണ് ഏൽപ്പിക്കുക എന്നതിനെ സംബന്ധിച്ച് ചിന്തിച്ച് ആളുകളെല്ലാം രാത്രി കഴിച്ചുകൂട്ടി. അങ്ങനെ പ്രഭാതമായപ്പോൾ എല്ലാവരും നബിﷺതിരുമേനിയുടെ അടുക്കലെത്തി. ഓരോ വ്യക്തിയും പ്രസ്തുത പതാക തനിക്ക് കിട്ടണമെന്ന ആഗ്രഹവും പ്രതീക്ഷയുമുള്ളവരായിരുന്നു. ഹദ്റത്ത് ഉമർؓപറയുന്നു: "ഞാൻ ആ ദിവസത്തിനു മുമ്പേ ഒരിക്കലും നേതൃത്വം ആഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല." ഹദ്റത്ത് ബുറയ്ദؓ വിവരിക്കുന്നു: ഞങ്ങൾക്കാർക്കുംതന്നെ നബിﷺ തിരുമേനിയോടു സ്ഥാനമാനങ്ങൾ ചോദിക്കണമെന്ന ആഗ്രഹം പോലുമില്ലായിരുന്നു. പക്ഷേ, ഇന്ന് ഈ പതാക തനിക്ക് കിട്ടണ

• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

മെന്ന് ഓരോ വ്യക്തിയും ആഗ്രഹിച്ചിരുന്നു. പറയുന്നു: 'ഞാൻ എന്റെ കുതികാലുകളുയർത്തി നിന്നു, തല ഉയർത്തിപ്പിടിച്ചു. എനിക്ക് പതാക കിട്ടണമെന്നാഗ്രഹിച്ചു. ഹദ്റത്ത് സലമയും ഹദ്റത്ത് ജാബിറും പറയുന്നു: ഹദ്റത്ത് അലി, നബിﷺതിരുമേനിയുടെ പിന്നിലായി പോയിട്ടുണ്ടായിരുന്നു. ഖയ്ബർ യാത്ര വേളയിൽ രോഗിയായതു കാരണം നബിﷺതിരുമേനിയുടെ കൂടെ വരാൻ കഴിഞ്ഞില്ല. പക്ഷേ, അദ്ദേഹം പിന്നീട് വളരെ അസ്വസ്ഥനായി പുറപ്പെട്ടു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ശക്തമായ വേദനയുണ്ടായിരുന്നു. ഒന്നും കാണാൻ കഴിയുന്നുണ്ടായിരുന്നില്ല. നബിﷺതിരുമേനി ഖയ്ബറിലേക്ക് പുറപ്പെട്ടപ്പോൾ തനിക്കെങ്ങനെയാണ് നബിﷺതിരുമേനിയിൽനിന്ന് പിന്നിലായി പോകാൻ കഴിയുകയെന്ന് ഹദ്റത്ത് അലി ചിന്തിച്ചു. ഹദ്റത്ത് അലി പിന്നിൽ പുറപ്പെടുകയും അങ്ങനെ നബിﷺതിരുമേനിയെ കണ്ടുമുട്ടുകയും ചെയ്തു. ഹദ്റത്ത് ബുറയ്ദؓവിവരിക്കുന്നു: നബിﷺതിരുമേനി രാവിലെയായപ്പോൾ നമസ്കരിപ്പിക്കുകയും പിന്നെ കൊടി വരുത്തുകയും ചെയ്തു. ജനങ്ങൾക്ക് ഉപദേശങ്ങൾ നൽകി. എന്നിട്ട് ചോദിച്ചു: 'അലി എവിടെപ്പോയി?' സ്വഹാബാക്കൾ പറഞ്ഞു: 'അലിക്ക് കണ്ണുകളിൽ പ്രയാസമുണ്ട്. നബിﷺതിരുമേനി പറഞ്ഞു: "അലിയെ വിളിച്ച് കൊണ്ടു വരിക!" ഹദ്റത്ത് സലമؓപറയുന്നു: ഞാൻ അലിയെയും കൂട്ടിവന്നു. നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: "ഇദ്ദേഹത്തിന് എന്തുപറ്റി?" ഹദ്റത്ത് അലി പറഞ്ഞു: 'എനിക്ക് കണ്ണുകളിൽ നല്ല വേദനയുണ്ട്. എനിക്ക് മുന്നിലുള്ള ഒരു വസ്തുവും കാണാൻ കഴിയുന്നില്ല.' നബിﷺതിരുമേനി പറഞ്ഞു: "എന്റെ അടുത്ത് വരൂ!" ഹദ്റത്ത് അലിؓ വിവരിക്കുന്നു: നബിﷺതിരുമേനി എന്റെ ശിരസ്സ് തന്റെ മടിയിൽ വെച്ചു. പിന്നീട് തന്റെ കൈയിൽ ഉമിനീരാക്കി അത് എന്റെ കണ്ണുകളിൽ തേക്കുകയും ചെയ്തു. അതിനുശേഷം കണ്ണുവേദന ഉണ്ടായിട്ടേയില്ലെന്ന വിധത്തിൽ അലിക്ക് രോഗ ശമനമുണ്ടാകുകയും ചെയ്തു. പിന്നെ വഫാത്തു വരെയും കണ്ണുകളിൽ ഒരു പ്രയാസവുമുണ്ടായിട്ടില്ല. നബിﷺതിരുമേനി അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യുകയും കൊടി കൈമാറുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ്, വാള്യം 5, പേജ് 124,125, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 8, പേജ് 390, ബസ്മ ഇഖ്ബാൽ ലാഹോർ) (ബുഖാരി കിതാബുൽ മഗാസി ഹദീഥ് 4209)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംؓ ഈ സംഭവം വിവരിച്ചിട്ടുണ്ട്. പറയുന്നു: ഖയ്ബറിന്റെ ദിവസം ഹദ്റത്ത് അലിക്കാണ് അവസരം കിട്ടിയത്. നബിﷺതിരുമേനി പറഞ്ഞു: അല്ലാഹുവിനെ സ്നേഹിക്കുകയും അല്ലാഹു സ്നേഹിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ഞാനിന്ന് അവസരം കൊടുക്കുന്നതാണ്. അല്ലാഹു മേന്മ നൽകിയ വ്യക്തിക്ക് ഞാൻ വാൾ നൽകുന്നതാണ്. ഹദ്റത്ത് ഉമർؓ പറയുന്നു: ഞാൻ ആ സദസ്സിലുണ്ടായിരുന്നു. എന്റെ തല ഞാൻ നീട്ടിപ്പിടിച്ചു. നബിﷺതിരുമേനി എന്നെ കാണുകയും എനിക്ക് തരികയും ചെയ്തെങ്കിലെന്ന് ഞാൻ ആശിച്ചുപോയി. പക്ഷേ, നബിﷺതിരുമേനി എന്നെ കണ്ടെങ്കിലും മൗനം പാലിക്കുകയാണ് ചെയ്തത്. ഞാൻ വീണ്ടും തല ഉയർത്തിപ്പിടിച്ചു. വീണ്ടും നബിﷺതിരുമേനി കാണുകയും മൗനം പാലിക്കുകയും ചെയ്തു. അങ്ങനെ ഹദ്റത്ത് അലി വന്നു. അദ്ദേഹത്തിനു നല്ലപോലെ കണ്ണുദീനമുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: അലീ, മുന്നോട്ടുവരൂ! അങ്ങനെ അദ്ദേഹം നബിﷺതിരുമേനിയുടെ അടുത്തെത്തി. നബിﷺതിരുമേനി തന്റെ ഉമിനീർ അദ്ദേഹത്തിന്റെ കണ്ണുകളിൽ പുരട്ടി. എന്നിട്ട് പറഞ്ഞു: അല്ലാഹു താങ്കളുടെ കണ്ണുകൾക്ക് രോഗശമനം നൽകട്ടെ. ഈ വാൾ പിടിക്കൂ. ഇത് അല്ലാഹു നിങ്ങളെ ഏൽപ്പിക്കുന്നതാണ്."*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 19.പേജ് 614)*

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: "ഒരു ദിവസം നബിﷺതിരുമേനിയോട് അല്ലാഹു പറഞ്ഞു: ഈ പട്ടണത്തിന്റെ വിജയം അലിയുടെ കൈകളാൽ വിധിക്കപ്പെട്ടിരിക്കുന്നു. രാവിലെയായപ്പോൾ നബിﷺതിരുമേനി വിളംബരപ്പെടുത്തി: ഇന്ന് ഞാൻ ഇസ്‌ലാമിന്റെ ശ്യാമളപതാക അല്ലാഹുവും അവന്റെ റസൂലും മുസ്‌ലിമീങ്ങളും സ്നേഹിക്കുന്ന ആളുടെ കൈകളിൽ നൽകുന്നതാണ്. അല്ലാഹു ഈ കോട്ടയുടെ വിജയം അദ്ദേഹത്തിന്റെ കൈകളിലാണ് വിധിച്ചിട്ടുള്ളത്. അതിനുശേഷം രണ്ടാമത്തെ പ്രഭാതത്തിൽ നബിﷺതിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു, പതാക അദ്ദേഹത്തിനെ ഏൽപ്പിച്ചു....

അദ്ദേഹം സ്വഹാബാക്കളുടെ സൈന്യവുമായി പോയി കോട്ടകൾക്കുമേൽ ആക്രമണം നടത്തി. യഹൂദികൾ കോട്ടയ്ക്കുള്ളിൽ ആയിരുന്നുവെങ്കിലും അല്ലാഹു ഹദ്റത്ത് അലിക്കും മറ്റു സ്വഹാബാക്കൾക്കും ആ ദിവസം വളരെ ശക്തി നൽകുകയും വൈകുന്നേരം ആകുന്നതിനുമുമ്പേ വിജയം നൽകുകയും ചെയ്തു." *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 325-326)*

ഹദ്റത്ത് അലി കൊടി പിടിച്ച് ഓടി കോട്ടയുടെ താഴെ എത്തുകയും പതാക കല്ലുകൾക്കിടയിൽ സ്ഥാപിക്കുകയും ചെയ്തു.*(സീറത്ത് ഇബ്നുഹിശാം പേജ് 697, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ശത്രുക്കൾ വധിക്കപ്പെട്ടതിനെ സംബന്ധിച്ചും പരാമർശമുണ്ട്. ഹദ്റത്ത് ജാബിർؓ വിവരിക്കുന്നു: 'ഖയ്ബറിന്റെ കോട്ടകളിൽനിന്ന് ഏറ്റവുമാദ്യം മർഹബിന്റെ സഹോദരൻ ഹാരിഥ് ദ്വന്ദയുദ്ധത്തിന് പുറപ്പെട്ടു. ഹദ്റത്ത് അലിؓഅയാളെ വധിച്ചപ്പോൾ ഹാരിഥിന്റെ കൂട്ടുകാരൻ കോട്ടയിലേക്ക് മടങ്ങിപ്പോയി.

പിന്നീടുള്ളത് യഹൂദി ജനറൽ ആമിറിന്റെ വധമാണ്. ആമിറും ദ്വന്ദയുദ്ധത്തിന് പുറപ്പെട്ടു. അയാൾ തടിച്ച്കൊഴുത്ത മനുഷ്യനായിരുന്നു. ഹദ്റത്ത് അലി അയാളെ നേരിടാൻ പുറപ്പെടുകയും ഒരുപാട് പ്രാവശ്യം വെട്ടുകയും ചെയ്തു. പക്ഷേ, അയാൾക്ക് അതൊന്നും കൊണ്ടില്ല. പിന്നീട് അലിؓഅയാളുടെ കാലിനു പിന്നിലെ മാംസളഭാഗത്ത് വെട്ടുകയും അപ്പോൾ അയാൾ ഇരിക്കുകയും ആ സന്ദർഭത്തിൽ അയാളെ വധിക്കുകയും അയാളുടെ ആയുധങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 125 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

യഹൂദി ജനറൽ ഉസയ്റിന്റെ വധസംഭവം:മറ്റൊരു യഹൂദി ജേർണൽ ഉസയ്ർ ദ്വന്ദയുദ്ധത്തിന് ഇറങ്ങി. അയാൾക്കെതിരിൽ മുഹമ്മദ് ബിൻ മസ്‌ലമയാണ് പുറപ്പെട്ടത്. അയാളെ വധിക്കുകയും ചെയ്തു. *(ഇംതാഉൽഅസ്മാ, വാള്യം 1, പേജ് 311 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

മർഹബിന്റെ സഹോദരൻ യാസിറിന്റെ വധമുണ്ടായി.

ഇബ്നു ഇസ്ഹാഖ് എഴുതുന്നു: പിന്നീട് യാസിർ വെളിപ്പെട്ടു. അയാൾ മർഹബിന്റെ സഹോദരനായിരുന്നു. അയാൾ യുദ്ധഗാനം ആലപിക്കുകയായിരുന്നു. മുഹമ്മദ് ബിൻ ഉമർ എഴുതിയിരിക്കുന്നു: "ഇയാൾ അവരുടെ കൂട്ടത്തിലെ ഏറ്റവും ശക്തനായ ആളായിരുന്നു. അയാളുടെ പക്കൽ യുദ്ധോപകരണങ്ങളുമുണ്ടായിരുന്നു. അതുമുഖേന അയാൾ ജനങ്ങളെ ചവിട്ടി മെതിച്ചിരുന്നു. അയാളെ നേരിടാൻ ഹദ്റത്ത് അലിؓപുറപ്പെട്ടു. അപ്പോൾ സുബയ്ർ ബിൻ അവ്വാംؓ അദ്ദേഹത്തോടു പറഞ്ഞു: അല്ലാഹുവാണെ സത്യം, അങ്ങ് എനിക്കും അയാൾക്കുമിടയിൽ തടസ്സമാകരുത്. അദ്ദേഹം പറഞ്ഞു: ഞാൻ ഇയാളുമായി യുദ്ധം ചെയ്യാം. ഹദ്റത്ത് അലിؓ പിന്നിലേക്കു മാറി. ഹദ്റത്ത് സുബയ്ർؓആ കാഫിറിനുനേരെ പുറപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് സ്വഫിയؓപറഞ്ഞു: 'യാ റസൂലല്ലാഹ്! അയാൾ എന്റെ മകനെ വധിക്കുന്നതാണ്.' നബിﷺതിരുമേനി പറഞ്ഞു: ഇല്ല, നിങ്ങളുടെ മകൻ ഇൻശാ അല്ലാഹ് അയാളെ വധിക്കുന്നതായിരിക്കും. ഹദ്റത്ത് സുബയ്ർؓചില കവിതകൾ ചൊല്ലിക്കൊണ്ട് അയാൾക്കുനേരെ നീങ്ങി. പിന്നെ ഇരുവരും തമ്മിൽ യുദ്ധമായി. അദ്ദേഹം അയാളെ വധിക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 125-126 ദാറുൽ*


• ഹദീഥുന്നബ്‌വിﷺ •

"അത്തഅ്‌സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

*കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 696, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് കോട്ടകളിൽനിന്ന് അവരുടെ ഏറ്റവും പ്രശസ്തനായ യോദ്ധാവ് മർഹബ് തന്റെ ആയുധങ്ങളുമേന്തി പുറത്തുവന്നു. അയാൾ ഈ കവിത ചൊല്ലുന്നുണ്ടായിരുന്നു. നേരത്തെയും അയാൾ അത് ചൊല്ലിയിരുന്നു:

**ഖദ് അലിമത്ത് ഖയ്ബറു അന്നീ മർഹബു**

**ശാക്കിസ്സിലാഹി ബത്വലുൻ മുജർറബു**

**ഇദൽഹുറൂബു അഖ്ബലത്ത് തുലഹ്ഹബു**

ഞാൻ മർഹബാണെന്ന് ഖയ്ബറിന് നല്ലവണ്ണം അറിയാം. യുദ്ധങ്ങൾ തീ തുപ്പി വരുന്ന വേളയിൽ വളരെ പരിണിത പ്രജ്ഞനുമാണ്. അയാളെ നേരിടാൻ ഹദ്റത്ത് അലി ബിൻ അബീ ത്വാലിബാണ് ؓപുറപ്പെട്ടത്. അദ്ദേഹം ചെമന്ന നിറമുള്ള ഒരു ജുബ്ബ അണിഞ്ഞിരുന്നു. വാളുയർത്തിക്കൊണ്ട് അദ്ദേഹം ഈ ഈരടികൾ ചൊല്ലി:

**അനല്ലദീ സമ്മത്നീ ഉമ്മീ ഹയ്ദറഹ്**

**കലയ്ഥി ഗാബാത്തിൻ കരീഹിൽ മൻളറഹ്**

**ഊഫീഹിമു ബസ്സായി കയ്ലസ്സൻദറഹ്**

എന്റെ മാതാവ് എനിക്ക് ഹയ്ദർ എന്ന് പേരിട്ടിരിക്കുന്നു. വനങ്ങളിൽ കഴിയുന്ന പേടിപ്പെടുത്തുന്ന സിംഹങ്ങളെ പോലെയാണ് ഞാൻ. ഞാൻ സ്വായിനു പകരം സന്ദ്രയാണ് കൊടുക്കുന്നത്. ഇതൊരു അറബി ചൊല്ലാണ്. ഇതിന്റെ വിവക്ഷിതം ഒരു ചാണിനു പകരം രണ്ടു ചാൺ കൊടുക്കുമെന്നാണ്. അല്ലെങ്കിൽ കല്ലിനെ കരിങ്കല്ലുകൊണ്ട് നേരിടുമെന്നും പറയാം. സന്ദ്ര എന്നതിന്റെ പദാർഥം വളരെ വലിയ അളവ് എന്നാണ്. സ്വാഅ് വളരെ ചെറിയ അളവാണ്. അത് രണ്ടര കിലോയ്ക്ക് സമാനമാണ്. അദ്ദേഹം പറയുന്നു: ഹദ്റത്ത് അലിؓമർഹബിന്റെ തലയിൽ ശക്തമായി വെട്ടുകയും അയാളെ കൊല്ലുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ കൈയാൽ വിജയം ലഭിച്ചു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 126-127 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹ് മുസ്‌ലിം(മുത്തർറജ്ജിം)കിതാബുൽജിഹാദ് വസ്സയ്ർ, ബാബ് ഗസ്വ ദീഖർദ് വ ഗയ്രിഹാ വാല്യം 9, പേജ് 240, മഅ ഹാശിയ, നൂർ ഫൗണ്ടേഷൻ)(ലുഗാത്തുൽ ഹദീഥ് വാല്യം 4 പേജ് 487, 'വസഖ്' വാല്യം 2, പേജ് 648 'സ്വാഅ്' പബ്ലീഷർ നുഅ്മാനീ കുതുബ് ഖാന ലാഹോർ 2005)*

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അലിയുംؓമർഹബും തമ്മിൽ പോരാടി. ഹദ്റത്ത് അലിؓമുന്നോട്ട് കുതിക്കുകയും മർഹബിനെ ശക്തമായി വെട്ടുകയും ചെയ്തു. അയാളുടെ പടത്തൊപ്പി അയാളുടെ തല പിളർന്ന് പല്ലുകൾ വരെ എത്തി. പിന്നെ ആളുകൾ ഹദ്റത്ത് അലിയോടൊപ്പം പുറപ്പെടുകയും അവസാനം കോട്ട കീഴടക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 126-127 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയാണ് മർഹബിനെ കൊന്നതെന്ന് ചില നബിചരിത്രകാരന്മാർ വിവരിക്കുന്നുണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ؓനിവേദനം. മർഹബ് പോരാട്ടത്തിന് വേണ്ടി വിളിച്ച് പാട്ടും പാടി കോട്ടയിൽനിന്ന് പുറത്ത് വരുന്നുണ്ടായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ആരാണ് ഇയാളെ നേരിടാൻ തയ്യാറുള്ളത്? ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ അയാളെ നേരിടാം. അല്ലാഹുവാണെ സത്യം! ഇയാളാണ് ഇന്നലെ എന്റെ സഹോദരനെ വധിച്ചത്. നബിﷺ തിരുമേനി പറഞ്ഞു: അയാളെ നേരിടാൻ പുറപ്പെടുക! എന്നിട്ട് പറഞ്ഞു: അല്ലാഹുവേ, ഇദ്ദേഹത്തെ സഹായിക്കേണമേ. നിവേദനത്തിൽ പറയുന്നു: ഇരുവരും തമ്മിൽ യുദ്ധം നടന്നു. അവർ പരസ്പരം വളരെ അടുത്തെത്തി. അവരിരുവർക്കുമിടയിൽ ഒരു പഴയ മരം തടസ്സമായി നിൽക്കുന്നുണ്ടായിരുന്നു. അവരിരുവരും പരസ്പരം മരത്തിന്റെ മറവിൽ രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒരാൾ വൃക്ഷത്തിന്റെ മറവിൽ അഭയം തേടുമ്പോൾ മറ്റേയാൾ ആ ഭാഗത്തുനിന്ന് ആ മരത്തിന്റെഅല്പഭാഗം വെട്ടിമാറ്റുമായിരുന്നു. അങ്ങനെ അവരിരുവരും നേർക്കുനേരെ എത്തി. മർഹബ്, മുഹമ്മദ് ബിൻ മസ്‌ലമയെ ശക്തമായി ആക്രമിച്ചെങ്കിലും അദ്ദേഹം പരിചകൊണ്ട് രക്ഷപ്പെട്ടു. മർഹബിന്റെ വാൾ പരിചയിൽ കുരുങ്ങി. പരിച പൊട്ടിച്ചു മാറ്റി അയാളെ വാളുകൊണ്ടു വെട്ടുകയും, കൊല്ലുകയും ചെയ്തു. ഒരു നിവേദനത്തിൽ മുഹമ്മദ് ബിൻ മസ്‌ലമ പരിക്കേൽപ്പിച്ചവെന്നും അയാളുടെ കാലുകൾ വെട്ടി മാറ്റിയെന്നും അങ്ങനെ അയാൾ വീണുപോയെന്നും പറയുന്നുണ്ട്. പിന്നീട് ഹദ്റത്ത് അലിؓ അയാളുടെ അടുത്തൂടെ പോകുമ്പോൾ അയാളെ കൊല്ലുകയാണ് ഉണ്ടായതെന്നും പറയുന്നു.

ബുഖാരിയുടെ വ്യാഖ്യാതാവ് ഹാഫിള് ഇബ്നു ഹജർ എഴുതിയിരിക്കുന്നു: ഇബ്നു ഇസ്ഹാഖ്, മൂസ ബിൻ ഉഖ്ബ, വാഖദി തുടങ്ങി മറ്റു പല നബി ചരിത്രകാരന്മാരും മുഹമ്മദ് ബിൻ മസ്‌ലമയാണ് മർഹബിനെ കൊന്നതെന്ന് എഴുതുന്നു. എന്നാൽ, മുഹമ്മദ് ബിൻ മസ്‌ലമ, മർഹബിന്റെ സഹോദരൻ ഹാരിഥിനെ കൊന്നിരുന്നുവെന്നും പറയുന്നു. പക്ഷേ, ചില നിവേദകർക്ക് ഇതിൽ സംശയങ്ങളുണ്ട്. അവർ ഹാരിഥിനു പകരം മർഹബ് എന്നെഴുതിയതാണത്രേ! ഇനി കാര്യം ഇത്തരത്തിലല്ലെങ്കിൽ സ്വഹീഹ് മുസ്‌ലിമിലുള്ളതുപോലെയായിരിക്കും. അത് മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ പ്രാമുഖ്യമുള്ളതാണ്. സ്വഹീഹ് മുസ്‌ലിമിൽ ഹദ്റത്ത് സലമ ബിൻ അക്‌വഅ്ؓന്റെ നിവേദനമുണ്ട്. അതായത് ഹദ്റത്ത് അലിؓയാണ് മർഹബനെ കൊന്നത്. മുസ്‌ലിമിന്റെ നിവേദനം രണ്ടുകാരണങ്ങളാൽ മുന്തിക്കാവുന്നതാണ്. ഒന്ന്, അത് പ്രാമാണികമായി നോക്കുകയാണെങ്കിൽ ശരിയാണ്. രണ്ട്, ഹദ്റത്ത് മസ്‌ലമയെ പറ്റി വിവരിക്കുന്ന നിവേദകൻ ഹദ്റത്ത് ജാബിർؓഖയ്ബർ യുദ്ധത്തിൽ ഉണ്ടായിരുന്നില്ല.

ഇതുസംബന്ധമായി മറ്റൊരു കാര്യം കൂടി ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ, മർഹബിനോടും അയാളുടെ കൂട്ടുകാരായ മറ്റു യഹൂദികളോടുമുണ്ടായ യുദ്ധവും വധവും സംബന്ധിച്ച സംഭവങ്ങളുടെ ചരിത്രത്തിലും നബി ചരിത ഗ്രന്ഥങ്ങളിലും അത് ഏതു കോട്ടയിൽ വച്ചായിരുന്നു എന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ട്. ബുഖാരിയും മുസ്‌ലിമും അടക്കമുള്ള സിഹാഹ് സിത്തയുംമറ്റും ഒരു കോട്ടയുടെ പേരും പറയുന്നില്ല. ഇങ്ങനെ ചില നബിചരിത്രങ്ങളിൽ ഈ സംഭവങ്ങൾ വിവരിക്കപ്പെടുന്നു. എന്നാൽ, ഏതെങ്കിലും കോട്ടയെ നിജപ്പെടുത്തുന്നില്ല. സീറത്ത് ഇബ്നു ഹിശാം, ത്വബഖാത്ത് ഇബ്നു സഅ്ദ്, സർക്കാനി എന്നീ ചില ഗ്രന്ഥങ്ങളിൽ ഖാമൂസ് കോട്ടയെ സംബന്ധിച്ചുള്ള സംഭവങ്ങൾ വരുന്നുണ്ട്. ചിലർ നായിം കോട്ടയെ സംബന്ധിച്ച് പറയുന്നു. ഏതായാലും 9 ദിവസംവരെ നബിﷺതിരുമേനി മുസ്‌ലിമീങ്ങളോടൊപ്പം ഈ കോട്ട ആക്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ പത്താം ദിവസം അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ഈ കോട്ടക്കുമേൽ വിജയം നൽകി.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 120 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഗസ്വ ഖയ്ബർ, ബാശമീൽ, പേജ് 115-116, പ്രസാധനം നഫീസ് അക്കാഡമി കറാച്ചി) (ഇംതാഉൽ അസ്മാഅ് വാല്യം 1, പേജ് 311, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫത്ഹുൽബാരി വാല്യം 7, പേജ് 608, ഖദീമീ കുതുബ് ഖാന, ആരാംബാഗ്)*

മുസ്‌ലിമീങ്ങൾ യഹൂദികളുടെ ശക്തമായ നായിം കോട്ടക്കുമേൽ ആധിപത്യം നേടിയ വിവരണത്തിൽ ഒരു ചരിത്രകാരനും വിജയനേരത്ത് മുസ്‌ലിമീങ്ങൾ എത്ര സമരാർജിത സ്വത്തുക്കൾ എത്ര വീതം ആയുധങ്ങൾ കൈവശപ്പെടുത്തി എന്നും പറയുന്നില്ല. ഒരുപക്ഷേ, മുസ്‌ലിമീങ്ങളിൽ ആർക്കും പരാമർശ യോഗ്യമായ ഒന്നും കിട്ടിയിട്ടുണ്ടാവില്ല. കാരണം യഹൂദികൾ യുദ്ധ സാഹചര്യത്തെ മുൻനിറുത്തിക്കൊണ്ട് സ്ത്രീകളെയും കുട്ടികളെയും നേരത്തെതന്നെ മറ്റൊരു കോട്ടയിൽ മാറ്റിയിരുന്നു. യഹൂദികൾ പരാജയപ്പെടുകയും നായിം കോട്ടയിൽ മുസ്‌ലിമീങ്ങളുടെ ആക്രമണം തടയുന്നതിൽ നിസ്സഹായരാകുകയും ചെയ്തപ്പോൾ അവർ സ്വയം എളുപ്പത്തിൽ സഅ്ദ് ബിൻ മുആദിന്റെ കോട്ടയിലേക്ക് മാറി.

ശേഷം പേജ് 12 ൽ


• ഹദീഥുന്നബ്വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."

വലതു ഭാഗത്തുളളവൻ വലതുഭാഗത്തുളളവൻതന്നെ.

ത്വാലിബെ ദുആ

Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

ഉദ്ബോധനം

# ഭൗതികമായ വിജയങ്ങളും സന്തോഷങ്ങളും ശാശ്വതമല്ല

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ﷺ**

മനുഷ്യന് എല്ലാത്തരം വിജയങ്ങളുടെ അവസരത്തിലും ഒരു സന്തോഷമുണ്ടാകാറുണ്ട്. വിശുദ്ധ ഖുർആനിൽനിന്ന് മൂന്നു തരത്തിലുള്ള സന്തോഷം 'ലഹ്വ്, ലയിബ്, തഫാഖുർ' മനസ്സിലാകുന്നുണ്ട്. (***ഇഅ്ലമൂ അന്നമൽ ഹയാത്തുദ്ദുൻയാ ലയിബുൻ വ്വ ലഹ്വുൻ വ്വ സീനത്തുൻ വ്വ തഫാഖുറുൻ***(57:21) ഈ ആയത്തിനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്ﷺസൂചിപ്പിക്കുന്നത്). 'ലഹ്വിൽ' ഭക്ഷണസാധനങ്ങൾ ഉൾപ്പെടുന്നു. 'ലയിബിൽ' വിവാഹം തുടങ്ങിയ സന്തോഷങ്ങളും 'തഫാഖുറിൽ' ധനം തുടങ്ങിയവയുടെ സന്തോഷങ്ങളും ഉൾപ്പെടുന്നു. ഇതാണ് ആ മൂന്നുതരത്തിലുള്ള സന്തോഷങ്ങൾ. ഇതിനു പുറമെ ഒരു സന്തോഷവുമില്ല. എന്നാൽ, ഓർക്കുക!വിജയങ്ങളും ഈ സന്തോഷങ്ങളും ശാശ്വതമല്ല. എന്നല്ല അതിനോടു മനസ്സ് ചേർക്കുകയാണെങ്കിൽ കഠിനമായ ദോഷമുണ്ടാകുന്നതായിരിക്കും. പതുക്കെപ്പതുക്കെ ഈ സന്തോഷങ്ങളുടെ കാലം കയ്പുകളിലേക്ക് മാറ്റപ്പെടുന്ന ഒരു സമയം വന്നുചേരുന്നു.

ഭൗതികലോകത്തെ വിജയങ്ങൾ പരീക്ഷണങ്ങളിൽനിന്ന് മുക്തമാകുകയില്ല. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. ഖലഖൽമൗത്ത വൽഹയാത്ത ലിയബ്ലുവക്കും നിങ്ങളിൽനിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചു. വിജയവും പരാജയവും ജീവിതത്തിന്റേയും മരണത്തിന്റേയും പ്രശ്നമാകുന്നു. വിജയം ഒരു തരത്തിലുള്ള ജീവിതമാണ്. ആർക്കെങ്കിലും താൻ വിജയിച്ചിരിക്കുന്നുവെന്ന വിവരമെത്തുമ്പോൾ അയാളിൽ ജീവൻ വീഴുന്നു; പുതിയ ജീവിതം കിട്ടിയപോലെ. പരാജയത്തിന്റെ വിവരം കിട്ടിയാൽ ജീവനോടെതന്നെ മരിച്ചുപോകുന്നു. ചിലനേരങ്ങളിൽ ദുർബലരായിട്ടുള്ള ധാരാളംപേർ നാശമടയുകയും ചെയ്യുന്നു.

സാധാരണ ജീവിതവും മരണവും ഒരു സുഗമമായ കാര്യമാണെന്നതും ഓർക്കേണ്ടതാണ്. പക്ഷേ, നരകജീവിതവും മരണവും ദുസ്സഹമായ കാര്യമാണ്. ഭാഗ്യവാൻ പരാജയത്തിനുശേഷം വിജയിയാകുകയും വീണ്ടും ഭാഗ്യവാനായിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള അവന്റെ വിശ്വാസം വർധിക്കുന്നു. തന്റെ ദൈവം എങ്ങനെയുള്ളവനാണെന്ന് അവൻ ചിന്തിക്കുമ്പോൾ അവനൊരു നിർവൃതിയുണ്ടാകുന്നു. ഭൗതികവിജയം ദൈവത്തെ തിരിച്ചറിയുന്നതിനുള്ള ഒരു കൃത്രിമമായ കാരണമാകുന്നു. അത്തരമാളുകൾക്ക് ഈ ഭൗതിക വിജയങ്ങൾ യഥാർഥ വിജയത്തിന്റെ ഒരു മാർഗമാകുന്നു.(ഇതിന് ഇസ്‌ലാമികമായ സാങ്കേതികാർഥത്തിൽ 'ഫലാഹ്' എന്നാണ് പറയുന്നത്) ഞാൻ നിങ്ങളോടു സത്യമായും പറയുന്നു:സത്യസന്ധമായ സന്തോഷാവസ്ഥ, സത്യസന്ധമായ സൗഖ്യം ഇഹലോകത്തും ഇഹലോകവസ്തുക്കളിലും ഒരിക്കലുമില്ല. യഥാർഥമെന്താണെന്നാൽ, ലോകത്തിലെ വകുപ്പുകളെല്ലാം കണ്ടാലും മനുഷ്യന് സത്യസന്ധവും ശാശ്വതവുമായ സന്തോഷം കരസ്ഥമാക്കാൻ സാധിക്കുകയില്ല. സമ്പന്നൻ അതായത് കൂടുതൽ ധനവും സ്വത്തുമുള്ളവൻ എപ്പോഴും സന്തോഷിച്ചിരിക്കുന്നത് നിങ്ങൾ കാണുന്നുണ്ട്. എന്നാൽ, അവരുടെ അവസ്ഥ 'പരട്ടച്ചൊറി' ബാധിച്ച രോഗിയെപ്പോലെയാണ്. ചൊറിയുമ്പോൾ നല്ല സുഖം ലഭിക്കുന്നു. പക്ഷേ, ആ ചൊറിച്ചിലിന്റെ അവസാനഫലമെന്താണ്? ചോരപൊട്ടി ഒലിക്കുന്നു. അതുകൊണ്ട് ഈ ഭൗതികവും താൽക്കാലികവുമായ വിജയങ്ങളിൽ യഥാർഥ വിജയത്തിൽനിന്ന് അകന്നുപോകുന്നത്ര സന്തോഷിക്കരുത്. പ്രത്യുത വിജയങ്ങളെ ദൈവത്തെ തിരിച്ചറിയാനുള്ള ഒരു മാർഗമായി നിശ്ചയിക്കുക. സ്വന്തം ധൈര്യത്തിലും പരിശ്രമത്തിലും അഹങ്കരിക്കരുത്. ഈ വിജയം നമ്മുടെ ഏതെങ്കിലും കഴിവിന്റേയോ അധ്വാനത്തിന്റേയോ ഫലമാണെന്ന് മനസ്സിലാക്കുകയുമരുത്. പ്രത്യുത ആരുടേയും സത്യസന്ധമായ അധ്വാനത്തെ പാഴാക്കിക്കളയാത്ത കാരുണ്യവാനായ അല്ലാഹു നമ്മുടെ അധ്വാനത്തിന് ഫലം തന്നതാണെന്ന് ചിന്തിക്കുക. നൂറുക്കണക്കിന് വിദ്യാർഥികൾ ഈയിടെയായി പരീക്ഷയിൽ തോറ്റുപോകുന്നത് നിങ്ങൾ കാണുന്നില്ലേ? അവരെല്ലാവരും അധ്വാനിക്കാത്തവരായിരുന്നോ? തികച്ചും വിഡ്ഢികളും മൂഢന്മാരുമായിരുന്നോ? അല്ല. മറിച്ച് ചിലർ എത്രമാത്രം ബുദ്ധിമാന്മാരും കഴിവുള്ളവരുമാണെന്നാൽ, വിജയിക്കുന്നവരിൽ മിക്കവരുമായുള്ള പോരാട്ടത്തിൽ സമർഥരാകുന്നു. അതുകൊണ്ട് അനിവാര്യവും അത്യാവശ്യവുമായിട്ടുള്ളത്, അല്ലാഹു ഒരു അധ്വാനവും പാഴാക്കാതിരുന്നതിന്, ഓരോ വിജയത്തിലും സത്യവിശ്വാസി നന്ദി കാണിച്ചുകൊണ്ട് ദൈവസന്നിധിയിൽ സുജൂദ് ചെയ്യുക. അല്ലാഹുവിനോടുള്ള സ്നേഹം വർധിക്കുകയും ഈമാനിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുമെന്നതാണ് ആ നന്ദിയുടെ ഫലം. ഇതുമാത്രമല്ല മറ്റുവിജയങ്ങളും കരസ്ഥമാകുന്നതാണ്. കാരണം അല്ലാഹു പറയുന്നു, നിങ്ങൾ എന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ അനുഗ്രഹങ്ങൾ വർധിപ്പിച്ചു തരുന്നതായിരിക്കും. ആ അനുഗ്രഹത്തെ നിഷേധിക്കുകയാണെങ്കിൽ ഓർമിക്കുക എന്റെ ശിക്ഷ കഠിനതരമായിരിക്കും.

### സത്യവിശ്വാസികളുടേയും സത്യനിഷേധികളുടേയും വിജയത്തിലുള്ള വ്യത്യാസം.

ഈ അടിസ്ഥാനപരമായ തത്ത്വം എന്നെന്നും മുമ്പിൽ വെക്കുക. മുഅ്മിനിന്റെ ജോലി അവനു നല്കപ്പെടുന്ന വിജയത്തിൽ അവൻ നാണിക്കുന്നുവെന്നതാണ്. തന്നിൽ കൃപചൊരിഞ്ഞ കാരണത്താൽ അല്ലാഹുവിനെ അവൻ വാഴ്ത്തുന്നു. ഇപ്രകാരം അവൻ ചുവടു മുന്നോട്ടു വെക്കുന്നു. എല്ലാ പരീക്ഷണത്തിലും ദൃഢപാദനായിക്കൊണ്ട് സമ്മാനം നേടുന്നു. ബാഹ്യമായി ഒരു ഹിന്ദുവിന്റേയും സത്യവിശ്വാസിയുടേയും വിജയം ഒരേ രീതിയിൽ സാദൃശ്യമുള്ളതാണ്. പക്ഷേ, ഓർക്കുക! സത്യനിഷേധിയുടെ വിജയം വഴികേടിന്റേതാണ്. സത്യവിശ്വാസിയുടെ വിജയംകൊണ്ട് അവന് അനുഗ്രഹങ്ങളുടെ വാതിൽ തുറക്കുകയാണ്. സത്യനിഷേധിയുടെ വിജയം വഴികേടിലേക്ക് കൊണ്ടുപോകുന്നത് എന്തുകൊണ്ടാണെന്നാൽ അവൻ ദൈവത്തിലേക്ക് മടങ്ങുന്നില്ല. മറിച്ച് തന്റെ അധ്വാനത്തേയും ബുദ്ധിയേയും കഴിവിനേയും ദൈവമാക്കുകയാണ് ചെയ്യുന്നത്. എന്നാൽ, സത്യവിശ്വാസി അല്ലാഹുവിലേക്ക് മടങ്ങി അല്ലാഹുവുമായി ഒരു പുതിയ പരിചയമുണ്ടാക്കുന്നു.

ഇങ്ങനെ ഓരോ വിജയത്തിനുശേഷവും അവൻ അല്ലാഹുവുമായി ഒരു പുതിയ കാര്യം ആരംഭിക്കുന്നു. അതിൽ മാറ്റങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു. ഇന്നല്ലാഹ മഅല്ലദീനത്തഖൗ(16:129) മുത്തഖിയായവരുടെ കൂടെയാണ് അല്ലാഹു. വിശുദ്ധ ഖുർആനിൽ 'തഖ്‌വാ' എന്ന പദം ഒരുപാടു പ്രാവശ്യം വന്നിട്ടുണ്ടെന്ന് ഓർക്കുക. അതിന്റെ അർഥം വെക്കപ്പെടുന്നത് മുമ്പേയുള്ള വാക്കിൽനിന്നാണ്. ഇവിടെ 'മഅ' എന്ന വാക്ക് വന്നിരിക്കുന്നു. അല്ലാഹുവിനെ മുന്തിച്ചു നിറുത്തുന്നവനെ അല്ലാഹു മുന്തിക്കുന്നു. ലോകത്തുകാണുന്ന എല്ലാ തരത്തിലുമുള്ള നിന്ദ്യതകളിൽനിന്നും അവനെ രക്ഷിക്കുന്നു. മനുഷ്യൻ ലോകത്തുകാണുന്ന എല്ലാ തരത്തിലുള്ള നിന്ദ്യതകളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ 'മുത്തഖി'യാകുക എന്ന ഒരേയൊരു വഴിയെയുള്ളു എന്നതുതന്നെയാണ് എന്റെ ഈമാൻ. പിന്നീട് അവന് ഒരു കുറവുമുണ്ടാകുകയില്ല. അതിനാൽ സത്യവിശ്വാസിയുടെ വിജയങ്ങൾ അവനെ മുന്നോട്ടു കൊണ്ടുപോകുന്നു. അവനൊരിടത്ത് നിലച്ചുപോകുകയില്ല."*(മൽഫൂദാത്ത് വാല്യം 1, പേജ് 134, ഖാദിയാൻ 2018)*

### പെരുന്നാളിനെ കുറിച്ച്

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

അല്ലാഹു പെരുന്നാളാഘോഷിക്കാൻ ഇന്ന് നമുക്ക് സൗഭാഗ്യം പ്രദാനം ചെയ്തിരിക്കുകയാണ്. പക്ഷേ, നല്ല വസ്ത്രം ധരിച്ചു, നല്ല ഭക്ഷണം കഴിച്ചു, സ്നേഹിതന്മാരുടെ സദസ്സിലിരുന്ന് സന്തോഷകരമായ കാര്യങ്ങൾ പറഞ്ഞ് ചിരിച്ച് രസിച്ച് സമയം ചെലവഴിച്ചുവെന്നതുമാത്രമല്ല ഒരു മുഅ്മിന് അഥവാ സത്യവിശ്വാസിക്ക് യഥാർഥമായ പെരുന്നാളാഘോഷം. പെരുന്നാൾ നമസ്കരിച്ചു, അതിനോടുള്ള നിർബന്ധകടമ നിറവേറ്റിയെന്ന് മനസ്സിലാക്കി. അതുകൊണ്ട് ഇനി എന്തുവേണമെങ്കിലും ചെയ്യാനുള്ള അനുവാദം കിട്ടിയിരിക്കുന്നു. ആ ദിവസം ളുഹ്ർ നമസ്കരിക്കണമെന്നുള്ള വിചാരമില്ല. അസ്ർ നമസ്കരിക്കണമെന്ന ചിന്തയില്ല. മറ്റു നമസ്കാരങ്ങൾ അനുഷ്ഠിക്കണമെന്ന ശ്രദ്ധയില്ല. ഇനി ചിന്തയുണ്ടായാൽത്തന്നെ വേഗം വേഗം ജംആക്കി നമസ്കരിക്കുക. എന്നല്ല ചിലയാളുകൾ പെരുന്നാൾ നമസ്കാരംപോലും നിർവഹിക്കുന്നില്ല. പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ മേൽവിചാരത്തോടെ എഴുന്നേറ്റ് തയ്യാറായി പെരുന്നാൾദിവസത്തിന്റെ മറ്റു ആഘോഷങ്ങളിൽ മുഴുകുന്നു; പെരുന്നാളിന്റെ ഉദ്ദേശ്യമാണ് അതെന്നപോലെ! ഇക്കാര്യം ഞാൻ പേരിനുവേണ്ടി പറയുന്നതല്ല. പ്രത്യുത ഞാൻ അത്തരക്കാരെ കണ്ടിട്ടുണ്ട്. അവർ പെരുന്നാൾ നമസ്കാരവും അനുഷ്ഠിക്കുന്നില്ല.

തങ്ങൾക്ക് ഉറക്കംവന്നുപോയെന്നും ഉറങ്ങിപ്പോയെന്നും പറഞ്ഞുവിടുകയും ചെയ്യുന്നു.

പെരുന്നാൾ ദിവസം എന്നത് കൂടുതൽ ആരാധന നിർവഹിക്കേണ്ട ദിവസമാണെന്ന് ഓർക്കേണ്ടതാണ്. സാധാരണ ദിവസങ്ങളിൽ അഞ്ചുനേര നമസ്കാരമാണ് നിർബന്ധമായിട്ടുള്ളത്. പെരുന്നാൾ ദിവസം ആറുനമസ്കാരമാണ് നിർബന്ധം. എത്രത്തോളമെന്നാൽ, ചില ദിനങ്ങളിൽ നമസ്കാരം മാപ്പായിട്ടുള്ള സ്ത്രീകൾപോലും പെരുന്നാൾ ദിവസം ഈദുഗാഹിൽ പോകണമെന്ന കൽപ്പനയാണുള്ളത്. അതുകൊണ്ട് പെരുന്നാൾ ദിവസത്തിന് വളരെ പ്രാധാന്യമാണുള്ളത്. പെരുന്നാൾ ദിവസം എന്നത് കേവലം ഒരു ആഘോഷം കൊണ്ടാടുന്നതുപോലെ സംഘടിക്കുന്ന ദിവസമല്ല. പ്രത്യുത അതിൽ അല്ലാഹു നമ്മളെ ചുമതലപ്പെടുത്തിയിട്ടുള്ള ജോലിയോടു, സാധാരണദിവസത്തെക്കാൾ കൂടുതൽ കടമനിറവേറ്റേണ്ടത് നിർബന്ധമാണ്. നമ്മുടെ ആരാധനയോടുള്ള കടമ നിറവേറ്റേണ്ടത് നിർബന്ധമാണ്. മനുഷ്യരോടുള്ള കടമ, അതാണെങ്കിൽ ഓരോ മുഅ്മിനിന്റേയും ചുമതലയായതുകൊണ്ട് നിറവേറ്റേണ്ടത് നിർബന്ധമാണ്. 'ഞാൻ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് സ്ഥിരമായി ശ്രമിക്കുന്നതാണെന്ന് ആ ദിവസം പ്രതിജ്ഞ ചെയ്യേണ്ടതാണ്. മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനും നിരന്തരം ശ്രമിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യേണ്ടതാണ്. അപ്പോഴാണ് നമ്മുടെ പെരുന്നാളുകൾ യഥാർഥ പെരുന്നാളുകളാകുന്നത്. അതിനാൽ അത്തരം പെരുന്നാളുകൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ കടമകൾ നിർവഹിക്കണമെന്ന് അല്ലാഹു നമ്മളോടു വിശുദ്ധ ഖുർആനിൽ ഒരുപാടു സ്ഥലത്ത് പറഞ്ഞിരിക്കുന്നു. ഈ പെരുന്നാൾദിവസം നമ്മൾ പ്രതിജ്ഞ ചെയ്തുകൊണ്ട് ഈ നിർബന്ധകടമകൾ നിർവഹിക്കുന്നതിന് ശ്രദ്ധിക്കുക. ഭാവിയിൽ നമ്മൾ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടവരാണ്. ഇവയാണ് ഞാൻ പൊതുവായനിലയിൽ കഴിഞ്ഞ ജുമുഅ ഖുത്ബകളിലും പറഞ്ഞുകൊണ്ടുവന്നത്. അപ്പോൾ നമ്മൾ നമ്മുടെ പെരുന്നാളിന്റെ ലക്ഷ്യം പ്രാപിച്ചു. പെരുന്നാളാഘോഷിക്കുന്നതിന്റെ ലക്ഷ്യവും പ്രാപിക്കുന്നവരായിത്തീർന്നു.

ഹുദൂർ അയ്യദഹുല്ലാഹ് വിശുദ്ധ ഖുർആനിലെ നിസാഅ് എന്ന അധ്യായത്തിലെ 37–ാമത്തെ വചനമുദ്ധരിച്ചുകൊണ്ടു പറഞ്ഞു: 'ഇതിൽ അല്ലാഹു ചില നിർബന്ധ കടമകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇതു നിറവേറ്റാത്തവർ അഹങ്കാരികളും ഗർവുകാരുമാണ്. അത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ആരെയാണോ അല്ലാഹു ഇഷ്ടപ്പെടാത്തത് അവർക്ക് ദീനുമില്ല, ദുൻയാവുമില്ല. നബിﷺതിരുമേനിയും ഒരു അവസരത്തിൽ ഇതു കടുപ്പിച്ചുതന്നെ പറയുകയുണ്ടായി. അവിടന്ന് പറഞ്ഞു:ആരുടെ മനസ്സിലാണോ ലവലേശം അഹങ്കാരമുള്ളത് അല്ലാഹു അവനെ സ്വർഗത്തിൽ പോകാനനുവദിക്കുകയില്ല. ഒരാൾ ചോദിച്ചു:നല്ലവസ്ത്രം ധരിക്കണമെന്നും നല്ല പാദരക്ഷ ഇടണമെന്നും സുന്ദരനാകണമെന്നും മനുഷ്യൻ ആഗ്രഹിക്കുന്നു. ഇത് ഏതു വകുപ്പിലാണ് വരുന്നത്? നബിﷺതിരുമേനി പറഞ്ഞു:ഇതു അഹങ്കാരമല്ല. അവിടന്ന് പറഞ്ഞു:അല്ലാഹുതന്നെയും സൗന്ദര്യവാനാണ്. സൗന്ദര്യം അവനിഷ്ടപ്പെടുന്നു. അവിടന്ന് പറഞ്ഞു: മനുഷ്യൻ സത്യത്തെ നിഷേധിക്കുന്നതാണ് അഹങ്കാരം. ആളുകളെ നിന്ദ്യരായി മനസ്സിലാക്കുന്നതും അവരെ നിന്ദാദൃഷ്ടിയോടെ നോക്കുന്നതും അവരോടു മോശമായി പെരുമാറുന്നതുമാണ് അഹങ്കാരം. അതുകൊണ്ട് പെരുന്നാൾ ദിവസം നല്ല വസ്ത്രം ധരിക്കുന്നതും സുഗന്ധം പൂശുന്നതുമെല്ലാം അല്ലാഹുവിനിഷ്ടപ്പെട്ടതാണ്. പക്ഷേ, അവയെ അഹങ്കാരത്തിന്റേയും അഹംഭാവത്തിന്റേയും മാർഗമാക്കുന്നതാണ് അല്ലാഹുവിനിഷ്ടപ്പെടാത്തത്.

ഈ ആയത്തുകളിൽ ആ കാര്യങ്ങളെ കുറിച്ച് പറഞ്ഞതിനുശേഷം അവസാനം പറഞ്ഞത് അല്ലാഹു ഒരു അഹങ്കാരിയേയും അഹംഭാവിയേയും ഇഷ്ടപ്പെടുന്നില്ലെന്നാണ്. ഇക്കാര്യങ്ങളിൽ അല്ലാഹുവിനോടുള്ള കടമയുമുണ്ട്. അവനെ ആരാധിക്കുക. അവനെ ആരാധിക്കുക എന്നതും അവനോടു ഒന്നിനേയും പങ്കുചേർക്കാതിരിക്കുക എന്നതും അല്ലാഹുവിന്റെ അവകാശമാണെന്നതിൽ സംശയമില്ല. പക്ഷേ, അതിന്റെ ഗുണം മനുഷ്യനാണ്. അല്ലാഹുവിന് അതുകൊണ്ടുള്ള നേട്ടമെന്താണെന്ന് ആളുകൾ ചോദിക്കാറുണ്ട്. അതുകൊണ്ട് അല്ലാഹുവിന് ഒരു നേട്ടവുമില്ല. അല്ലാഹു ഒരിടത്തു പറഞ്ഞു:മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധനയാണ്. അത് അല്ലാഹുവിന് എന്തെങ്കിലും നേട്ടമുള്ളതുകൊണ്ടല്ല. അല്ലാഹു നമ്മുടെ ഉന്നമനത്തിനുവേണ്ടി, നമ്മെ അനുഗ്രഹിക്കുന്നതിനുവേണ്ടി, നമ്മുടെ പരിഷ്കരണത്തിനുവേണ്ടി ആരാധനകളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. നമ്മെ തിന്മകളിൽനിന്ന് തടയുന്നതിന് ആരാധന കൽപ്പിച്ചു. നമസ്കരിക്കാൻ കൽപ്പിച്ചു. ഒരിടത്ത് പറഞ്ഞു: ***ഇന്നസ്സലാത്ത തൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വലദിക്റുല്ലാഹി അക്ബർ*** (29:46)നീചകൃത്യങ്ങളേയും നിഷിദ്ധ കർമങ്ങളേയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാണ്.

അതുകൊണ്ട് നമസ്കാരത്തിന്റേയും ആരാധനയുടേയും ദൈവസ്മരണയുടേയും ഗുണം നമുക്കാണുള്ളത്. അല്ലാഹു നമുക്കതിന് പകരം നല്കുന്നു. പ്രതിഫലം നല്കുന്നു. ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ഒരാൾ നബിﷺതിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എന്നെ സ്വർഗത്തിൽ കൊണ്ടുപോകുകയും തീയിൽനിന്ന് അകറ്റിനിറുത്തുകയും ചെയ്യുന്ന ഏതെങ്കിലും കർമം എനിക്കു പറഞ്ഞുതന്നാലും.' നബിﷺതിരുമേനി പറഞ്ഞു:അല്ലാഹുവിനെ ആരാധിക്കുക. അവനോടു ആരേയും പങ്കുചേർക്കാതിരിക്കുക. നമസ്കരിക്കുക. സക്കാത്ത് കൊടുക്കുക. കുടുംബബന്ധം പുലർത്തുക. അതായത് കുടുംബബന്ധുക്കളോടു ഇഷ്ടത്തോടും സ്നേഹത്തോടും കൂടി പെരുമാറുക. എന്നിട്ട് നോക്കുക, അല്ലാഹു എങ്ങനെയാണ് അനുഗ്രഹിക്കുന്നതെന്ന്! ഈ ലോകത്തും അനുഗ്രഹിച്ചുകൊണ്ടിരുന്നു. അടുത്ത ലോകത്തും സ്വർഗത്തിന്റെ സുവാർത്ത അറിയിച്ചുകൊണ്ടിരിക്കുന്നു.

മറ്റൊരു നിവേദനത്തിൽവരുന്നു, നബിﷺതിരുമേനി പറഞ്ഞു:ആരാണോ അല്ലാഹുവിനുവേണ്ടി മാത്രം രണ്ടു പെരുന്നാളുകളുടെ രാത്രിയിൽ ആരാധനകൾ നിർവഹിക്കുന്നത് അവന്റെ മനസ്സ് എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതായിരിക്കും. എത്രവലിയ സുവാർത്തയാണിത്. അല്ലാഹുവിനുവേണ്ടി ആരാധനാകർമങ്ങൾ നിർവഹിക്കുന്നതുകൊണ്ട് എന്നെന്നേക്കുമായി സമ്മാനം കിട്ടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പെരുന്നാളെന്നാൽ സന്തോഷങ്ങൾ ആഘോഷിക്കുന്നതിന്റെ പേരുമാത്രമല്ല. പ്രത്യുത അതിന്റെ രാത്രികളെ ആരാധനകൾകൊണ്ട് ജീവിപ്പിക്കുന്നതിന്റെ പേരുമാണ്. ഇതുമുഖേന എന്നെന്നേക്കുമായി ആത്മീയജീവിതം കരസ്ഥമാകുന്നു. റമളാൻ അവസാനിച്ചു ഇനി സുഖമായി ഉറങ്ങാമെന്ന് കരുതുന്നവർ എവിടെയാണ് ഇടയത്താഴത്തിന് എഴുന്നേറ്റിരുന്നത്? എവിടെയാണ് രണ്ടു നഫ്ൽ നമസ്കരിച്ചിരുന്നത്? പെരുന്നാൾ ദിവസം ചിലർ എന്നല്ല ഒരുപാടാളുകൾ സുബ്ഹി നമസ്കാരത്തിനെഴുന്നേൽക്കുന്നതിലും മടി കാണിക്കുന്നു. രോഗത്തെ, കോവിഡിനെ തന്ത്രമാക്കാതിരിക്കേണ്ടതാണ്. സുബ്ഹി നമസ്കാരത്തിന് മസ്ജിദിൽ വരിക. പെരുന്നാൾ ദിവസം ഹാജർ നില കുറവായിരുന്നെങ്കിൽ എവിടെയാണോ ഇന്ന് ഈദുള്ളത് അവർ നാളേയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. എവിടെയാണോ നാളെ പെരുന്നാളുള്ളത് അവർ നാളെ ഈ കുറവ് നികത്തേണ്ടതാണ്. അതായത് നമസ്കാരത്തിൽ ഹാജരാകുക. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം വീടുകളിൽ എഴുന്നേറ്റ് കുട്ടികളോടൊപ്പം ജമാഅത്തായി നമസ്കരിക്കുക. കഴിയുന്നത്ര വീടുകളിൽ ജമാഅത്തോടുകൂടി നമസ്കരിക്കാൻ ഏർപാടു ചെയ്യുക. പ്രത്യേകമായ ഏർപാടോടുകൂടി ഭംഗിയായ നിലയിൽ കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞതുപോലെ ഭംഗിയായി നമസ്കരിക്കുക. റമളാൻ അവസാനിക്കുന്നതും ഇന്ന് പെരുന്നാളാഘോഷിക്കുന്നതും നമ്മെ നമ്മുടെ ആരാധനാകർമങ്ങളിൽനിന്ന് വിടുതൽ

• ഹദീസുന്നബവിﷺ •
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവിﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

നല്കുന്നതിനും കുറവുവരുത്തുന്നതിനും പൂർണമായും ഏർപാടു ചെയ്യാതിരിക്കുന്നതിനുമുള്ള അനുവാദപത്രമാണെന്ന് മനസ്സിലാക്കരുത്. ഈ ആരാധനാകർമങ്ങൾതന്നെയാണ് നമ്മുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ അല്ലാഹുവിന്റെ ഫള്‌ലുകൾക്ക് അവകാശികളാകുന്നതിന് ജാമ്യമായിത്തീരുന്നത്.*(ഈദുൽ ഫിത്ർ പെരുന്നാൾ ഖുത്ബ, ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്, 2-5-2022)*

**ഭക്തിയോടെ പ്രവൃത്തിക്കുന്നവനാണ് സൗഭാഗ്യവാൻ.**

അധികമാളുകളുടേയും അവസ്ഥകൾ ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുണ്ട്; അവർ ആരംഭത്തിൽ ഭൗതികതയോടു ബന്ധം പുലർത്തിയിരുന്നവരായിരുന്നു. അതിനോടു ശക്തമായ ബന്ധം ഉണ്ടായിരുന്നവരായിരുന്നു. പക്ഷേ, അവർ ഏതോ ഒരു ദുആ ചെയ്യുകയും ആ ദുആ സ്വീകരിക്കപ്പെടുകയും ചെയ്തു. അതോടെ അവരുടെ അവസ്ഥ ആകെ മാറിപ്പോയി. അതുകൊണ്ട് നിങ്ങളുടെ ദുആയുടെ വിജയങ്ങളിലും സ്വീകരണത്തിലും അഭിമാനം കൊള്ളരുത്. പ്രത്യുത അല്ലാഹുവിന്റെ കൃപയേയും കാരുണ്യത്തേയും വിലമതിക്കുക. വിജയത്തിൽ തന്റേടത്തിലും ഉത്സാഹത്തിലും ഒരു പുതിയ ജീവിതമുണ്ടാകുന്നുവെന്നത് അടിസ്ഥാനതത്ത്വമാണ്. ആ ജീവിതത്തെ പ്രയോജനപ്പെടുത്തേണ്ടതാണ്. അതുമുഖേന ഈശ്വരീയജ്ഞാനത്തിൽ(മഅ്‌രിഫത്തിൽ) അഭിവൃദ്ധിപ്പെടേണ്ടതാണ്. കാരണം ഏറ്റവും ഉന്നതമായതും പ്രയോജനപ്പെടുന്നതുമായ കാര്യം ഇതേ ഈശ്വരീയജ്ഞാനമാണ്. ഇത് അല്ലാഹുവിന്റെ ഫള്‌ലിലും കറമിലും(ദയ) ചിന്തിക്കുന്നതുകൊണ്ടാണുണ്ടാകുന്നത്. അല്ലാഹുവിന്റെ ഫള്‌ലിനെ ആർക്കും തടയാൻ കഴിയുകയില്ല. ഒരുപാട് ഞെരുക്കങ്ങളും മനുഷ്യനെ നാശത്തിലിടാറുണ്ട്. അതുകൊണ്ടാണ് അൽഫഖ്റു സവാദൽ വജ്ഹി എന്ന് ഹദീഥിൽ വന്നിട്ടുള്ളത്. അത്തരക്കാരെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അവർ തങ്ങളുടെ ജീവിതത്തിലെ ഞെരുക്കങ്ങൾ കാരണത്താൽ നാസ്തികരായിപ്പോയി. എന്നാൽ, മുഅ്മിൻ- സത്യവിശ്വാസി ഏതു ഞെരുക്കമുണ്ടായാലും അല്ലാഹുവിനെ തെറ്റു ധരിക്കുകയില്ല. അത് സ്വന്തം തെറ്റുകളുടെ ഫലമാണെന്ന് കരുതി അവനോടു കരുണയും കൃപയും അഭ്യർഥിക്കുന്നു. ആ കാലം കടന്നുകഴിയുകയും അയാളുടെ ദുആകൾ ഫലംകൊണ്ടുവരികയും ചെയ്യുമ്പോൾ ഈ വിനയന്റെ കാലഘട്ടത്തെ അയാൾ മറക്കുകയില്ല. പ്രത്യുത അത് ഓർമവെക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അവനിൽ വിശ്വാസമുണ്ടാകുകയും അല്ലാഹുവുമായുള്ള ജോലി നടക്കുകയും ചെയ്യണമെങ്കിൽ തഖ്‌വാ (ഭയഭക്തി)യുടെ മാർഗം കൈക്കൊള്ളുക. സന്തോഷത്തിന്റേയും വിജയത്തിന്റേയും നേരത്ത് ഭക്തിയോടെ പ്രവൃത്തിക്കുന്നവനാണ് സൗഭാഗ്യവാൻ. വഞ്ചിതനായി അവന്റെ മുമ്പിൽ കുനിയാത്തവനാണ് ദൗർഭാഗ്യവാൻ!

**നമസ്കാരത്തിൽ നിർവൃതി ഉണ്ടാകാത്തതിന്റെ കാരണവും അതിനുള്ള ചികിത്സയും**

ജനങ്ങൾ നമസ്കാരത്തിൽ അലസന്മാരും മടിയന്മാരും ആകുന്നത് അവർക്ക് അല്ലാഹു നമസ്കാരത്തിൽ വെച്ചിട്ടുള്ള രുചിയോ സുഖാനുഭൂതിയോ അറിയാത്തതാണെന്ന് ഞാൻ കാണുന്നു. വലിയ കാരണം ഇതുതന്നെയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഇതിനെക്കാൾ വലിയ മടിയും അലസതയുമാണുള്ളത്. അമ്പതുശതമാനം ആളുകൾപോലും പൂർണമായ ഉത്സാഹത്തോടും സത്യസന്ധമായ സ്നേഹത്തോടുംകൂടി തങ്ങളുടെ യഥാർഥ യജമാനന്റെ തിരുസന്നിധിയിൽ തലകുനിക്കുന്നില്ല. അപ്പോൾ എന്തുകൊണ്ട് അവർ ഈ നിർവൃതിയെക്കുറിച്ചറിയുന്നില്ല എന്നതാണ് പ്രശ്നം. ഒരിക്കൽപോലും അവർ ഈ നിർവൃതി രുചിച്ചറിഞ്ഞിട്ടില്ല. മതങ്ങളിൽ അത്തരം കല്പനകളുമില്ല. ചിലപ്പോൾ അവർ തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുകയായിരിക്കും. അപ്പോഴാണ് 'മുഅദ്ദിൻ' ബാങ്കു കൊടുക്കുന്നത്. പിന്നീട് അവർ അത് കേൾക്കാനും ആഗ്രഹിക്കുന്നില്ല. അതായത് അതുകേട്ട് അവരുടെ മനസ്സ് സങ്കടപ്പെടുന്നു! ഇക്കൂട്ടർ വളരെ ദയാർഹരാണ്. ഇവിടേയും ചിലയാളുകൾ അങ്ങനെയുണ്ട്. അവരുടെ കടകൾ മസ്ജിദിന്റെ താഴത്താണ്. എന്നാൽ, വല്ലപ്പോഴും ഒന്നുപോയി നിൽക്കുന്നതുപോലുമില്ല. അതിനാൽ ഞാൻ പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിനോട് അങ്ങേയറ്റം ചുട്ടുനീറ്റലോടും ഒരു ആവേശത്തോടുംകൂടി ഇങ്ങനെ ദുആ ചെയ്യണമെന്നാണ്. 'അല്ലാഹുവേ, എപ്രകാരം നീ ഫലവർഗങ്ങൾക്കും വസ്തുക്കൾക്കും പലരീതിയിലുള്ള സുഖാനുഭൂതികൾ പ്രദാനം ചെയ്തിരിക്കുന്നുവോ നമസ്കാരത്തിലും ആരാധനയിലും വെച്ചിട്ടുള്ള സുഖാനുഭൂതി ഒരു തവണയെങ്കിലും എന്നെ രുചിപ്പിച്ചാലും.' തിന്നത് എപ്പോഴും ഓർമയിലുണ്ടാകും. നോക്കൂ! ഒരാൾ ഏതെങ്കിലും ഹൃദയകാരിയായ കാര്യം ഒരു സന്തോഷത്തോടെ നോക്കിക്കാണുമ്പോൾ അവനത് നല്ല ഓർമയുണ്ടാകും. അവൻ ഏതെങ്കിലും വികൃതമോ വെറുക്കപ്പെടുന്നതോ ആയ വസ്തു കാണുമ്പോഴും അതിന്റെ സകല അവസ്ഥയും അവന്റെ മുമ്പിൽ വരുന്നതായിരിക്കും. ബന്ധമില്ലെങ്കിൽ ഓർമയും ഉണ്ടാകുകയില്ല. ഇപ്രകാരം നമസ്കരിക്കാത്തവരുടെ നോട്ടത്തിൽ നമസ്കാരം ഒരു നികുതിയാണ്. അതായത് അനാവശ്യമായി പ്രഭാതത്തിലെഴുന്നേറ്റ് തണുപ്പവെള്ളത്തിൽ വുളുചെയ്ത് സുഖനിദ്ര ഉപേക്ഷിച്ചും പലവിധ ക്ലേശങ്ങൾ സഹിച്ചും സുഖങ്ങളെല്ലാം കളയേണ്ടിവരുന്നു. വസ്തുത എന്താണെന്നാൽ അവന് നമസ്കാരത്തോടു നീരസമാണ്. അവന് നമസ്കാരത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല. അതിലുള്ള സുഖാനുഭതിയും സന്തോഷവും അവനറിയുകയില്ല. പിന്നെങ്ങനെയാണ് നമസ്കാരത്തിൽ നിർവൃതി, അഥവാ പരമാനന്ദം കരസ്ഥമാകുന്നത്. ലഹരിക്കടിമയായ ഒരു മദ്യപാനിയ്ക്ക് ലഹരി കൊണ്ടുണ്ടാകുന്ന, മത്തുണ്ടാകുന്നില്ലെങ്കിൽ അവൻ അതുണ്ടാകുന്നതുവരെ കുടിച്ചുകൊണ്ടിരിക്കുന്നു. അവസാനം അവനത് ലഭിക്കുന്നു. ബുദ്ധിമാനും നല്ലവനുമായ മനുഷ്യൻ അതിൽനിന്ന് ഫലമെടുക്കുന്നു. അതായത് അവന് നമസ്കാരത്തിൽ ആത്മീയലഹരി ഉണ്ടാകുന്നതുവരെ അവൻ നമസ്കരിച്ചുകൊണ്ടേയിരിക്കുന്നു. മദ്യപാനിയുടെ മനസ്സിൽ അതിൽനിന്ന് ഒരു ലഹരിയുണ്ടാകുക എന്നത് അവന്റെ ഉദ്ദേശ്യമാണെന്നതുപോലെ നമസ്കാരക്കാരന്റെ മനസ്സിൽ മുഴുവൻ ശക്തിയുടേയും ചായ്‌വ് നമസ്കാരത്തിൽ ആ പരമാനന്ദം കരസ്ഥമാക്കുക എന്നതാവണം. പിന്നീട് ഒരു ആത്മാർഥതയോടും ആവേശത്തോടുംകൂടി കുറഞ്ഞപക്ഷം ആ മദ്യപാനി വേദനയും വെപ്രാളവും കാണിക്കുന്നതുപോലെ, നമസ്കാരത്തിലുള്ള ആ നിർവൃതി കരസ്ഥമാകാൻ ഒരു ദുആ ഉണ്ടാകേണ്ടതാണ്. എന്നാൽ, ഞാൻ സത്യമായും സത്യമായും പറയുന്നു: തീർച്ചയായും തീർച്ചയായും നിങ്ങൾക്ക് ആ ആത്മീയ നിർവൃതി അഥവാ പരമാനന്ദം ഉണ്ടാകുന്നതായിരിക്കും."*(മൽഫൂദാത്ത് വാല്യം 1, പേജ് 140-143, ഖാദിയാൻ പതിപ്പ് 2018)*

**നമസ്കാര കാര്യങ്ങളുടെ യാഥാർഥ്യം**

നമസ്കാരകാര്യങ്ങൾ വാസ്തവത്തിൽ ആത്മീയമായ സഭാമര്യാദയുടെ രണ്ടു ഭാഗങ്ങളാണ്. മനുഷ്യന് അല്ലാഹുവിന്റെ മുമ്പിൽ നില്‌ക്കേണ്ടതായി വരുന്നു. നിൽക്കുക എന്നതും സേവകന്മാരുടെ മര്യാദകളിൽപ്പെട്ടതാണ്. രണ്ടാമത്തെ ഭാഗമായ കുനിയുക എന്നതും (റുകൂഅ്)വിളിച്ചോതുന്നത് കല്പന പാലിക്കുന്നതിന് എത്രമാത്രം തലകുനിക്കുന്നു എന്നതിന്റെ തയ്യാറെടുപ്പിനെയാണ്. ആരാധനയുടെ ഉദ്ദേശ്യമായ സുജൂദ്, സമ്പൂർണമായ മര്യാദയേയും സമ്പൂർണമായ വണക്കത്തേയും താനൊന്നുമല്ലെന്ന അവസ്ഥയേയും പ്രകടിപ്പിക്കുന്നു. അല്ലാഹു ഓർമക്കുറിപ്പ് എന്ന നിലയിൽ നിശ്ചയിച്ചിട്ടുള്ള മര്യാദകളും മാർഗങ്ങളുമാണത്. ശരീരത്തിന് ആന്തരികമായ മാർഗത്തിൽനിന്ന് വിഹിതം നല്കുന്നതിനുവേണ്ടി അത് നിശ്ചയിച്ചിരിക്കുന്നു. ഇതിനുപുറമെ ആന്തരികമായ വഴിയുടെ ദൃഢതയ്ക്കുവേണ്ടി ഒരു ബാഹ്യമായ വഴിയും വെച്ചിരിക്കുന്നു. ഇനി ബാഹ്യമായ മാർഗത്തിൽ (അത് ആന്തരികവും അന്തഃസ്ഥിതവുമായ മാർഗത്തിന്റെ ഒരു പ്രതിച്ഛായയാണ്)വെറും കോപ്പിയടിക്കുന്നവനെപ്പോലെ കോപ്പിയടി

• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"

കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."

അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 27 March 2025 Issue-13

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ക്കുകയും അതിനെ ഒരു അസഹ്യമായ കാര്യമെന്ന് മനസ്സിലാക്കി ഊരി എറിയുന്നതിന് ശ്രമിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങൾ തന്നെ പറയുക, ഇതിൽ എന്തു നിർവൃതിയും രുചിയും കിട്ടാനാണ്? സ്വാദും നിർവൃതിയും ഉണ്ടാകാത്തിടത്തോളം അതിന്റെ യാഥാർഥ്യം എങ്ങനെ പരിശോധിക്കാൻ കഴിയും. ആത്മാവും താനൊന്നുമല്ലെന്ന അവസ്ഥയോടും തികവാർന്ന വണക്കത്തോടുംകൂടി ദൈവത്വത്തിൽ വീഴുകയും നാവ് എന്തൊന്നാണോ പറയുന്നത് അത് ആത്മാവും പറയണം. ആ നേരത്ത് ഒരു സന്തോഷവും പ്രകാശവും സമാധാനവും കരസ്ഥമാകുന്നു.....ചുരുക്കത്തിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം നമസ്കാരത്തിൽ രുചിയും നിർവൃതിയും ഉണ്ടാകുന്നതും ദാസത്വത്തിന്റേയും പരിപാലനത്വത്തിന്റേയും ഒരു ബന്ധത്താലാണ്. പരിപാലനത്വത്തിന്റെ വ്യക്തിഗത തേട്ടമായ, ഒന്നിനും കഴിവില്ലാത്തവനും അല്ലെങ്കിൽ ഒന്നിനും കഴിവില്ലാത്തവനെപ്പോലുള്ളവനുമായി മനുഷ്യൻ സ്വയംതന്നെ നിശ്ചയിച്ച് ഇടാത്തിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹവും പ്രകാശവും അവനിൽ പതിയുകയില്ല. അങ്ങനെയാണെങ്കിൽപ്പിന്നെ ഉന്നത നിലയിലുള്ള നിർവൃതിയും കരസ്ഥമാകുന്നതായിരിക്കും. അതിനെക്കാളുപരി ഒരു നിർവൃതിയുമില്ല.

### സത്യസന്ധമായ നമസ്കാരം

ഈ സ്ഥാനത്ത് മനുഷ്യാത്മാവ് തികച്ചും താൻ ഒന്നുമല്ല എന്ന അവസ്ഥയിലായിത്തീരുമ്പോൾ അത് അല്ലാഹുവിലേക്ക് ഒരു അരുവിപോലെ ഒഴുകുന്നു. അല്ലാഹു അല്ലാത്തവരുമായുള്ള ബന്ധം പൂർണമായും മുറിക്കപ്പെടുന്നു. ആ നേരത്ത് അല്ലാഹുവിന്റെ സ്നേഹം അവനിൽ പതിക്കുന്നു. ആ രണ്ടു ആവേശവും കൂടിച്ചേരുന്ന ഈ നേരത്ത്-മുകളിൽനിന്ന് പരിപാലനത്തിന്റെ ആവേശവും താഴേനിന്ന് ദാസത്വത്തിന്റെ ആവേശവും-അവിടെ ഒരു സവിശേഷമായ അവസ്ഥയുണ്ടാകുന്നു. അതിന്റെ പേരാണ് സ്വലാത്ത്. തെറ്റുകുറ്റങ്ങളെ ഭസ്മമാക്കിത്തീർക്കുന്നത് ഈ നമസ്കാരം തന്നെയാണ്. അത് അതിന്റെ സ്ഥാനത്ത് ഒരു പ്രകാശവും തിളക്കവും ഉപേക്ഷിച്ചു പോകുന്നു. വഴിയിൽ ബുദ്ധിമുട്ടുകളും അപകടങ്ങളും ഉണ്ടാകുന്ന നേരത്ത് അത് സാലിക്കിന്(അല്ലാഹുവിലേക്ക് പ്രയാണം ചെയ്യുന്നയാൾ)പ്രകാശിക്കുന്ന ഒരു ദീപമായി പ്രയോജനപ്പെടുന്നു. അവന്റെ വഴിയിലുണ്ടാകുന്ന എല്ലാ തരത്തിലുള്ള ചപ്പു ചവറുകളിൽനിന്നും വഞ്ചനകളുടെ കല്ലുകളിൽനിന്നും മുള്ളുകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം അറിയിച്ചുകൊടുക്കുന്നു. ***ഇന്നസ്സ്വലാത്ത തൻഹാ അനിൽഫാഹ്ശാഇ വൽമുൻകർ***(29:46) എന്ന ആയത്ത് അവനിൽ യോജിച്ചുവരുന്ന ഒരു അവസ്ഥയാണത്. കാരണം അത് അവന്റെ കൈയിലല്ല. അവന്റെ മനസ്സിൽ ഒരു പ്രകാശിക്കുന്ന വിളക്ക് വെച്ചിട്ടുണ്ടാകും. ഈ പദവി പൂർണവിനയവും താനൊന്നുമല്ലെന്ന പൂർണ വിചാരവും എളിമയും പൂർണ അനുസരണവും കൊണ്ടാണ് ലഭിക്കുന്നത്. അപ്പോൾ പിന്നെ പാപത്തിന്റെ വിചാരം എങ്ങനെയാണ് അവനുണ്ടാകുക? നിഷേധം അവനിലുണ്ടാകുകയേയില്ല. വൃത്തികെട്ട പ്രവൃത്തിയിലേക്ക് അവന്റെ ദൃഷ്ടി ഉയരുകയുമില്ല. അവനുണ്ടാകുന്ന ആനന്ദത്തേയും സന്തോഷത്തേയും കുറിച്ച് എങ്ങനെ വിവരിക്കണമെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

പേജ് 1 ൽ നിന്ന്

സൗമ്യതയോടെ ചെയ്യുന്നതായിരിക്കും; വാളാലല്ല. യുദ്ധം ചെയ്ത ഹുസയിനിന്റെ വെള്ളം പാനം ചെയ്യുന്ന സ്ഥലത്തല്ല ഞാൻ. പ്രത്യുത യുദ്ധം ചെയ്യാത്ത ഹസന്റെ വെള്ളം പാനം ചെയ്യുന്ന സ്ഥലത്താണുള്ളത്. ഇതു നോമ്പിലേക്കുള്ള സൂചനയാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ ആറുമാസംവരെ നോമ്പു പിടിച്ചു. ഇതിന്നിടയിൽ ഞാൻ കണ്ടു, പ്രകാശങ്ങളുടെ സ്തംഭങ്ങൾ ആകാശത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സ്തംഭങ്ങൾ ഭൂമിയിൽനിന്നാണോ അതോ എന്റെ മനസ്സിൽനിന്നാണോ ഉയരുന്നതെന്ന കാര്യം സന്ദേഹജനകമാണ്. പക്ഷേ, ഇതെല്ലാം യുവത്വത്തിൽ സംഭവിക്കാമായിരുന്നു. ആ നേരത്ത് ഞാനാഗ്രഹിച്ചിരുന്നെങ്കിൽ നാലുവർഷം വരെ എനിക്ക് നോമ്പു പിടിക്കാൻ കഴിയുമായിരുന്നു.

**നിശാത്വേ നൗജവാനീ താ ബഹ്സ്സീ സാൽ**

**ചൗ ചഹ്ൽ ആമദെ ഫറോ റേസ് പർ വ ബാൽ**

യുവത്വത്തിന്റെ അവധി മുപ്പതു വയസ്സുവരെയാണ്. നാൽപതു വയസ്സാകുമ്പോൾ എല്ലാ മുടിയും ചിറകും കൊഴിഞ്ഞുപോകുന്നു.

നാൽപതു വർഷം കഴിഞ്ഞപ്പോൾ മുതൽ ആ സംഗതി ഇല്ലെന്നാണ് കാണുന്നത്. ആദ്യമൊക്കെ ബട്ടാലവരെ പല പ്രാവശ്യവും നടന്നുപോകുകയും വരുകയും ചെയ്യുമായിരുന്നു. ക്ഷീണവും തളർച്ചയുമൊന്നും എനിക്കുണ്ടാകുമായിരുന്നില്ല. ഇപ്പോഴാണെങ്കിൽ അഞ്ചാറു മൈൽപോലും നടന്നാൽ ബുദ്ധിമുട്ടുണ്ടാകുന്നു. നാൽപ്പതു വയസ്സിനുശേഷം പ്രകൃതിസിദ്ധമായ ഊഷ്മാവ് കുറയാൻ തുടങ്ങുന്നു. രക്തം കുറച്ചുമാത്രമെ ഉണ്ടാകുന്നുള്ളു. മനുഷ്യനുമേൽ ദുഃഖത്തിന്റേയും വിഷമത്തിന്റേയും പല ആഘാതങ്ങളു മുണ്ടാകുന്നു. ഇപ്പോൾ പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്, വിശപ്പിന്റെ ചികിത്സ താമസിച്ചാൽ ശരീരം അസ്വസ്ഥമായിത്തീരുന്നു." (മൽഫൂള്വാത്ത് വാള്യം 2, പേജ് 561, പ്രസാധനം ഖാദിയാൻ 2003)

പേജ് 8 ൽ നിന്ന്

നായിം കോട്ടയുടെ യുദ്ധത്തിൽ ഒരു യഹൂദിയും മുസ്ലിമീങ്ങളുടെ കൈകളാൽ ബന്ദിയാക്കപ്പെട്ടില്ല. ഇതിന്റെ കുറേകൂടി വിശദീകരണങ്ങളുണ്ട്. ഇൻശാ അല്ലാഹ് മറ്റു കോട്ടകളെ സംബന്ധിച്ചുള്ള വിവരണങ്ങൾ പിന്നീട് വിവരിക്കുന്നതാണ്.

ഞാൻ ലോകത്തിന്റെ അവസ്ഥയ്ക്കു വേണ്ടിയും മുസ്ലിമീങ്ങളുടെ അവസ്ഥയെ സംബന്ധിച്ചും ദുആക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെ ഫലസ്തീനികൾക്കുവേണ്ടി പ്രത്യേകമായും മുസ്ലിം ലോകത്തിനു വേണ്ടി പൊതുവായും വളരെയേറെ ദുആ ചെയ്യേണ്ടതാണ്. അവരുടെ അവസ്ഥകൾ പ്രത്യക്ഷത്തിൽ സന്തോഷപ്രദമാണെന്ന് കാണുന്നു. യുദ്ധം മരവിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നല്ലതു തന്നെ. എന്നാൽ, അവസ്ഥ വളരെ വഷളായിക്കൊണ്ടിരിക്കുന്നു. പുതിയ അമേരിക്കൻ പ്രസിഡന്റിന്റെ പോളിസിയും പദ്ധതികളും അക്രമത്തിന്റെ മറ്റൊരു പരിധിവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. നേരത്തെ അമേരിക്കക്കാർ തങ്ങളുടെ രാജ്യത്തിന് ഒരു പ്രയാസവുമില്ലെന്നും പുറം ലോകത്ത് തങ്ങൾ കൈ കടത്തുന്നില്ലെന്നും പറഞ്ഞിരുന്നു. പക്ഷേ, ഇപ്പോൾ ഇവർ ലോകത്തിനു മുഴുവനും ഭയാനകമായി കൊണ്ടിരിക്കുകയാണ്.അല്ലാഹു ഫലസ്തീനികൾക്കുമേൽ കരുണ ചൊരിയുമാറാകട്ടെ.ലോകത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. ഇവർക്ക് ഇതിൽനിന്ന് രക്ഷപ്പെടാൻ കഴിയുമാറാകട്ടെ. അറബ് രാജ്യങ്ങൾ ഇനിയുംകണ്ണുതുറക്കുന്നില്ല.ഐക്യത്തിനു വേണ്ടി ശ്രമിക്കേണ്ടതാണ്. ഇതല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. അല്ലെങ്കിൽ ഫലസ്തീൻ മാത്രമല്ല മറ്റു അറേബ്യൻ രാജ്യങ്ങളും വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും. ഇപ്പോൾ ചില അമുസ്ലിമീങ്ങളുടെ ഭാഗത്തുനിന്ന് ഫലസ്തീനികളുടെ അവകാശത്തിനു വേണ്ടിയും അവർക്കുമേൽ ഉണ്ടാകുന്ന ദ്രോഹങ്ങൾക്കെതിരെയും ശബ്ദമുയർന്നുകൊണ്ടിരിക്കുന്നു.പക്ഷേ, പ്രത്യക്ഷത്തിൽ ഈ ശക്തികരാഷ്ട്രങ്ങൾ തങ്ങളുടെ ശക്തിയുടെ ലഹരിയിൽ ഉന്മത്തരാണ്. അവർ ആരു പറയുന്നതും കേൾക്കാൻ തയ്യാറല്ല. അതുകൊണ്ട് മുസ്ലിമീങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മൾ അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതും അനിവാര്യമാണ്. നമ്മുടെ കൈയിൽ മറ്റെന്ത് ആയുധമാണുള്ളത്. അതുപോലെ പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അവരുടെ അവസ്ഥകളും വളരെ പ്രയാസകരമാണ്. ചില ദിവസങ്ങളിൽ ശത്രുത വളരെ ക്രൂരമായിക്കൊണ്ടിരിക്കുന്നു. ബംഗ്ലാദേശിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അവിടെയും അല്ലാഹു അവരെ എല്ലാ ശത്രുതയിൽനിന്നും ആക്രമണങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. മറ്റു സ്ഥലങ്ങളിലെ മർദ്ദിതരായ ആളുകൾക്കുവേണ്ടിയും മർദ്ദിതരായ അഹ്ദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണയിലാക്കുമാറാകട്ടെ. സമാധാനമുണ്ടാക്കാൻ അല്ലാഹു ലോകത്തിനു വിവേകം നൽകുകയും നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.*(വിവ: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)*

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...

The Weekly BADR Qadian
(Malayalam)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin